അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2024-ലെ കേരള ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024-ലെ കേരള ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. എൻ. ജയരാജ് സംസാരിച്ചതിനുശേഷം ഞാൻ മറുപടി പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ 12.30-ന് അവസാനിപ്പിക്കേണ്ടതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്ലിപ്തത പാലിച്ച് സംസാരിക്കണം.

ഡോ. എൻ. ജയരാജ്: സർ, വളരെ മാതൃകാപരമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യംവഹിച്ച കേരള നിയമസഭയിൽ നീതി നിഷേധത്തിന്റെയും തൊഴിൽ ചൂഷണത്തിന്റെയുമിടയിൽ ഒതുങ്ങിപ്പോകുന്ന ഒരു വലിയ ജനവിഭാഗമായ ഗിഗ് തൊഴിലാളികളുടെ ജീവിതത്തിന് സുരക്ഷിതത്വം ഉറപ്പുനൽകണമെന്ന ആവശ്യത്തോടുകൂടിയുള്ള ഒരു സ്വകാര്യ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ സാഹചര്യമുണ്ടാക്കിയതിനും അതിന് അനുവാദം നൽകിയതിനും അങ്ങയോട് പ്രത്യേകമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

നമ്മുടെ തൊഴിൽ മേഖലയിൽ പരമ്പരാഗതമായ മുതലാളി-തൊഴിലാളി ബന്ധത്തിനപ്പുറം സമീപകാലത്തായി, പ്രത്യേകിച്ച് ഉദാരവൽക്കരണത്തിന്റെ കാലഘട്ടത്തിനുശേഷം ഡിജിറ്റൽ പ്ലാറ്റ്ഫോം ഉൾപ്പെടെ സൃഷ്ടിക്കപ്പെടുന്ന

സാഹചര്യത്തിൽ വളരെ വ്യത്യസ്തമായ കാഴ്ചപ്പാടുകളും കാഴ്ചകളുമാണ് നമ്മൾ കാണുന്നത്. അത്തരം സാഹചര്യത്തിലാണ് ഗിഗ് തൊഴിലാളികളെന്ന പേരിൽ ഒരു പുതിയ തൊഴിൽ സംസ്കാരത്തിന്റെ ഉടമകളായ ആളുകൾ കടന്നുവരുന്നത്. ഒരുപക്ഷെ ഇത്രയും ചൂഷണം നടക്കുന്ന മറ്റൊരു മേഖലയില്ല. ആ മേഖലയിലെ പിന്നാമ്പുറങ്ങളിൽ നടക്കുന്ന ചൂഷണം പലപ്പോഴും ലോകം അറിയാതെ പോകുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളത്തിൽ ഇന്ന് രണ്ടര ലക്ഷത്തോളവും ഇന്ത്യയിൽ 77 ലക്ഷത്തോളവും ഗിഗ് തൊഴിലാളികളുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അത് രണ്ടര കോടിയായി വർദ്ധിക്കുമെന്നാണ് നീതി ആയോഗ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിലെ അവസ്ഥയും വ്യത്യസ്തമല്ല. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ചെറുപ്പക്കാർ ഇന്ന് ഗിഗ് തൊഴിലാളികളായി ജോലി ചെയ്യുന്നു. 2020-ൽ കേന്ദ്ര ഗവൺമെന്റ് ഇറക്കിയ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റിയിൽ ഗിഗ് വർക്കറായി നിർവചിച്ചിരിക്കുന്നത്, 'പരമ്പരാഗത മുതലാളി-തൊഴിലാളി ബന്ധത്തിനപ്പുറത്ത് തൊഴിൽ കണ്ടെത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന വ്യക്തി'-യെയാണ്. എന്നാൽ വെബിന്റെയും ലൊക്കേഷന്റെയും

അടിസ്ഥാനത്തിൽ ഗിഗ് മേഖലയെ രണ്ടായി തിരിക്കാം. ഇതിൽ ഒന്നാമത്തേതിൽ ഐ.ടി. മേഖലയിലെ സ്വതന്ത്ര സേവന ദാതാക്കളാണ് വരുന്നത്. കേരളത്തിലുൾപ്പെടെ പ്രശസ്തമായ ഗുരു, അപ്പ് വർക്ക് തുടങ്ങിയ കമ്പനികൾ ഇത്തരം ജോലി വാഗ്ദാനം ചെയ്യുന്നവരാണ്. പലപ്പോഴും സ്വന്തം വീട്ടിലിരുന്ന് ജോലി ചെയ്യാമെന്നതിനാൽ ഇത്തരം കമ്പനികളിൽ ജോലി ചെയ്യുന്നവരെ ഗിഗ് തൊഴിലാളികളായി പൊതുജനത്തിന് തിരിച്ചറിയാൻ സാധിക്കില്ല. ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള തൊഴിലാളികളെക്കാൾ ഇവർക്ക് പ്രതിഫലവും കൂടുതലാണ്. വാസ്തവത്തിൽ ഇവരാണ് ഗിഗ് വ്യവസ്ഥയിലെ 'വൈറ്റ് കോളർ' തൊഴിലാളികൾ എന്ന് നമുക്ക് വേണമെങ്കിൽ പറയാം. ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള ഗിഗ് മേഖലയിൽ പ്രധാനമായും മൂന്നുതരം സേവന ദാതാക്കളാണുള്ളത്. Ride sharing അഥവാ ഗതാഗത മേഖലയിലുള്ള Uber, OLA തുടങ്ങിയ കമ്പനികൾ. വിതരണ മേഖലയിലാണെങ്കിൽ Swiggy, Zomato തുടങ്ങിയ കമ്പനികൾ. അതോടൊപ്പം തന്നെയാണ് വീട്ട് ജോലികൾക്കുവേണ്ടിയുള്ള JOBOY app-ഉം. ഇതിൽ യൂണിഫോമുള്ള തൊഴിലാളികൾ ഡെലിവറി വർക്കർ അഥവാ

വിതരണക്കാർ മാത്രമാണ്. അതുകൊണ്ടുതന്നെ ഇവർ മാത്രമാണ് ഗിഗ് തൊഴിലാളികൾ എന്നൊരു തെറ്റിധാരണ നമ്മുടെയിടയിലുണ്ട്. സ്ഥാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ മൂന്ന് ഗണത്തിൽ വരുന്ന തൊഴിലാളികളുടെ പ്രതിഫലം താരതമ്യേന കുറവും അസ്ഥിരവുമാണ്. ഗിഗ് മേഖലയിൽ കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നതും ഇവരാണ്. തങ്ങളുടെ പഠനം അനുസരിച്ച് ഈ മേഖലയിൽ തൊഴിലെടുക്കുന്ന വിദ്യാർഥികളിൽ ബഹുഭൂരിപക്ഷവും.... കേരളത്തിൽ ഒരു പുതിയ സംസ്കാരം വളർന്നുവരുമ്പോൾ, പഠനത്തോടൊപ്പം ഒരു തൊഴിൽ എന്ന നിലയിൽ ഒട്ടേറെ വിദ്യാർഥികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. സത്യത്തിൽ അവരുടെ ബയോഡാറ്റയിൽപോലും അത് രേഖപ്പെടുത്താൻ തയ്യാറാകുന്നില്ല. ഒരു തൊഴിലാളിക്ക് സ്വന്തം സൗകര്യമനുസരിച്ച് തൊഴിൽ സമയം തീരുമാനിക്കാമെന്നതാണ് ഗിഗ് മേഖലയുടെ പ്രധാനപ്പെട്ട ആകർഷണം. എന്നാൽ തൊഴിലുടമ-തൊഴിലാളി ബന്ധമോ കരാറോ നിലവിലില്ലാത്തതിനാൽ ഗിഗ് തൊഴിലാളികൾക്ക് തൊഴിൽ ദാതാക്കളുമായോ തിരിച്ചോ വിധേയത്വമില്ല. Zomato, Swiggy തുടങ്ങിയ ഭക്ഷണവിതരണ ശൃംഖലകളിൽ ജോലിയെടുക്കുന്നവർക്ക് കൂടുതൽ

തൊഴിൽ ലഭിക്കുന്ന ദിവസം, 2,000 രൂപ വരെയും Uber, OLA തുടങ്ങിയവയിലെ ഡ്രൈവർമാർക്ക് 6,000 രൂപ വരെയും ചിലപ്പോൾ പ്രതിഫലം ലഭിക്കാറുണ്ട്. എന്നാൽ ഈ പണലഭ്യതയ്ക്ക് ഒരു ഉറപ്പുമില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ചുരുക്കത്തിൽ ഇവരുടെ സാമ്പത്തികനേട്ടം തീർത്തും പ്രവചനാതീതമാണ്. തൊഴിൽദാതാക്കളായ കമ്പനികൾ തൊഴിലാളികൾക്ക് നൽകുന്ന നിരക്കിലും പലപ്പോഴും വ്യത്യാസം വരുത്തിക്കൊണ്ടിരിക്കും. പ്രതിഫലത്തേക്കാൾ ലഭിക്കുന്ന ഇൻസെന്റീവാണ് ഒരു തൊഴിലാളിയുടെ പ്രധാന ആകർഷണം. തൊഴിൽ/വരുമാനലഭ്യത ഇവരുടെ റേറ്റിംഗിനെ അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിക്കപ്പെടുക.

ശ്രീ. ഡി. കെ. മുരളി: സർ, തൊഴിലാളികളുടെ ക്ഷേമനിധിയും ക്ഷേമവും സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. എന്നാൽ ഈ മേഖലയിൽ ഉപഭോക്താക്കൾ അനുഭവിക്കുന്ന കുറച്ച് അനീതികൾകൂടിയുണ്ട്. പലപ്പോഴും ഓർഡർ ചെയ്യുന്നതിന്റെ ക്വാണ്ടിറ്റിയും ക്വാളിറ്റിയുംപോലും കൃത്യമായി ലഭ്യമാകാത്ത അനുഭവങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കൺസ്യൂമർ ഓർഡർ ചെയ്ത സാധനം വന്നാൽ ആ ബില്ലിലുള്ള തുക നൽകി

വിടുകയാണ് ചെയ്യുന്നത്. പിന്നെ ഉപയോഗിക്കാൻ നോക്കുമ്പോഴാണ് അതിന്റെ കുറവും മറ്റ് കാര്യങ്ങളും മനസ്സിലാകുന്നത്. അതുകൂടി പരിഹരിക്കത്തക്ക നിലയിലുള്ള ഒരു നിയമത്തിലേയ്ക്ക് പോകേണ്ടതില്ലേ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും അങ്ങയുടെ നിർദേശം വളരെ സ്വാഗതാർഹമാണ്. ഈ പറഞ്ഞ മേഖലയിലെ തൊഴിലാളികളോടൊപ്പംതന്നെ ഇതിന്റെ ഉപഭോക്താക്കൾക്കും അതിന്റേതായ ബുദ്ധിമുട്ടുകൾ പലപ്പോഴും അനുഭവപ്പെടുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഏതായാലും ഈ രംഗത്ത് വലിയ ചൂഷണം നടക്കുന്നുണ്ട്. ഇത് യഥാർത്ഥത്തിൽ തൊഴിൽ മേഖലയിലും നമ്മുടെ സമ്പദ് വ്യവസ്ഥയിലുമുണ്ടായിട്ടുള്ള സ്വഭാവമാണ്. Uber-ന്റെ കാര്യമെടുത്താൽ, ഇത് ഡാറ്റാ രൂപത്തിലുള്ള ഒരു ട്രാൻസ്പോർട്ട് ലോജിസ്റ്റിക്സ് ഇന്റലിജൻസ് സംവിധാനത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ഒരു മൊണോപ്പോളി ഈ കുത്തകകളുടെ കൈവശമുണ്ട്. അതുകൊണ്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നവരിൽനിന്നും വാടക ഈടാക്കുകയാണ് ചെയ്യുന്നത്. തൊഴിലാളികളിൽനിന്ന് പ്രത്യേക ആപ്പ് വഴി കമ്മീഷന്റെ രൂപത്തിലാണ്

വാടക ഈടാക്കുന്നത്. ഒരു തൊഴിലാളിയെന്ന ഐഡന്റിറ്റി അവർക്കില്ലാതെ പോകുന്നതുകൊണ്ട് ചൂഷണത്തിന്റെ സാധ്യതകളും വളരെ കൂടുതലാണ്. വാസ്തവത്തിൽ Uber എന്നത് ഒരു ട്രാൻസ്പോർട്ടിംഗ് കമ്പനിയല്ല. മാത്രമല്ല കാർ ഉപയോഗിക്കുന്ന ആളുകൾക്ക് യാതൊരു നിയന്ത്രണവും ഈ ആപ്പിലില്ല. ആപ്പ് ഉപയോഗിക്കുന്ന ആൾക്കാർ കൃത്യമായ കമ്മീഷൻ കൊടുക്കുന്നുവെന്നുമാത്രമേയുള്ളൂ. അതുകൊണ്ട് സ്വാഭാവികമായും തൊഴിലാളികളെന്ന മാനദണ്ഡത്തിൽ അവർ വരുന്നുമില്ല. ഈ രംഗത്തുണ്ടാകുന്ന വലിയ തൊഴിൽ അരക്ഷിതത്വവും കരാറുകളില്ലാത്തതുകൊണ്ടുള്ള സുരക്ഷിതത്വമില്ലായ്മയും വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ടുകാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ഇന്ത്യയിൽ കുറച്ച് സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ചില നിലപാടുകളെടുത്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, അടുത്തകാലത്ത് ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് ചില സംസ്ഥാനങ്ങൾ തയ്യാറായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും ഇതുമായി ബന്ധപ്പെട്ട് പാർലമെന്റ് 2020-ൽ പാസ്സാക്കിയ ഒരു

സോഷ്യൽ സെക്യൂരിറ്റി കോഡിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിലെ വകുപ്പ് 2 (35) പ്രകാരം പരമ്പരാഗത തൊഴിലാളി-തൊഴിൽ ഉടമ ബന്ധമില്ലാത്തവരാണെന്ന് പറയുന്നുണ്ട്. പക്ഷേ അങ്ങനെയൊരു സോഷ്യൽ സെക്യൂരിറ്റി കോഡ് ഉണ്ടെങ്കിൽപ്പോലും അത് ഇതുവരെ നടപ്പാക്കിയിട്ടില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. യഥാർഥത്തിൽ കേന്ദ്രഗവൺമെന്റ് നടപ്പാക്കേണ്ട പ്രധാനപ്പെട്ട നിയമത്തിൽ ഗവൺമെന്റ് വലിയ താൽപര്യം കാണിച്ചിട്ടില്ലെന്നുള്ളത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് കർണ്ണാടക ഗവൺമെന്റ് തയ്യാറായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റുസംസ്ഥാനങ്ങളും അതിന് തയ്യാറാകണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ രംഗത്ത് കേരളം ഇനിയും അമാന്തിച്ചുനിൽക്കേണ്ടതില്ലെന്നാണ് നമ്മളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വിഷയം. നേരത്തെ ഗിഗ് വർക്കർമാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സഭയിൽ ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിയമനിർമ്മാണത്തിനുവേണ്ടി ആലോചിക്കുന്നുണ്ടെന്നും ഇതിന്റെ സമഗ്ര

പഠനത്തിന് 'കില'-യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുമാണ് പറഞ്ഞത്. യഥാർഥത്തിൽ എത്രമാത്രം ആളുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച് കൃത്യമായൊരു ഡാറ്റാപോലും നമ്മുടെ കൈവശമില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതുകൊണ്ട് ഈ ബില്ലുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം....

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നമ്മുടെ പുതിയ ജീവിതക്രമത്തിൽ വലിയ രീതിയിലുള്ള സേവനമാണ് യഥാർഥത്തിൽ uber, zomato മേഖലകളിലൊക്കെ ജോലിചെയ്യുന്ന ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് നമുക്കൊരു ഭക്ഷണസാധനം വേണമെന്നുതോന്നിയാൽ ഒരു ഫോൺവിളിയിൽ ആ ഭക്ഷണം നമ്മുടെ റൂമിലോ, വീട്ടിലോ എത്തും. നമ്മുടെ യാത്രാ സൗകര്യങ്ങൾ ഏറെ വർധിച്ചുവരുന്നു. ഇങ്ങനെ വലിയ സേവനം സമൂഹത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേമനിധിയില്ല എന്ന വളരെ പ്രധാനപ്പെട്ട വിഷയമാണ് ഡോ. എൻ. ജയരാജ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഒരുപക്ഷേ ഇത്രയൊന്നും സേവനം ചെയ്യാത്ത ആളുകൾക്കുപോലും ക്ഷേമനിധിയുള്ള സംസ്ഥാനമാണ് നമ്മുടെ

സംസ്ഥാനമെന്നതുകൊണ്ട് ഇത് വളരെ ഗൗരവത്തിലെടുത്ത് ഇതിനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, യഥാർഥത്തിൽ ഈ രംഗത്ത് ധാരാളം തൊഴിൽ സമരങ്ങൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തൊഴിലാളി നേതാവായ ഒരാളാണ്. സി.ഐ.റ്റി.യു.-ന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരു സമരം മുമ്പുണ്ടായിട്ടുണ്ടെങ്കിലും സംഘടിതമേഖല അല്ലെന്നത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ബില്ലിൽ വന്നിട്ടുള്ള ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ബില്ലിലെ 5(i)-ൽ 'ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം ഒടുക്കിയിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത തൊഴിലാളി അംഗത്തിന്, ഒടുക്കിയ അംശദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിപ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന് എന്നതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്ന ഒരു ആശയം. 5(ii)-ൽ 'തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യംമൂലം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം

അടച്ചിട്ടുള്ളതുമായ ഒരു അംഗത്തിന് അയാൾ അംശദായം അടച്ച വർഷങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ നിർദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നൽകുന്നതിന് എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇതിൽ മറ്റുചില പ്രധാന കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. 5(iii)-ൽ 'ഏഴുവർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബപെൻഷൻ നൽകണമെന്നും 5(iv)-ൽ അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകണമെന്നും 5(v)-ൽ, ഗുരുതര രോഗം ബാധിച്ച അംഗങ്ങളുടെ വൈദ്യ ശുശ്രൂഷയ്ക്കുള്ള ചെലവിനായി സാമ്പത്തിക സഹായം നൽകണമെന്നും 5(vi)-ൽ വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹം, വനിതാ അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകണമെന്നും 5(vii)-ൽ അംഗങ്ങളായവരുടെയും അവരുടെ മക്കളുടെയും പഠനാവശ്യത്തിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകണമെന്നും 5(viii)-ൽ ഇരുപത്തിയഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഒറ്റത്തവണയായി

നൽകണമെന്നും 5(ix)-ൽ അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന അപകടവും മരണവും ശാരീരിക അവശതകൾ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക് അംഗങ്ങൾക്കോ ആശ്രിതരായ കുടുംബാംഗങ്ങൾക്കോ അതത് സംഗതിപോലെ നഷ്ടപരിഹാരം നൽകണമെന്നും ഉൾപ്പെടെ കുറെ നിർദേശങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. ഈ രംഗത്ത് നിയമനിർമ്മാണമുണ്ടാകുന്നതിന് അനുകൂലമായ ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. ഗിഗ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വവും അവകാശവും സംരക്ഷിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ എന്റെ ബിൽ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികൾ ഇന്നിപ്പോൾ സമൂഹത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുകയാണ്. ഇന്ത്യാരാജ്യത്താകമാനം, എല്ലാ പ്രദേശത്തും പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ ഗിഗ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ ധാരാളമായി കാണാൻ കഴിയും. എല്ലാവരും ഏതാണ്ട് 40

വയസ്സിന് താഴെയുള്ള വിദ്യാസമ്പന്നരായ ചെറുപ്പക്കാരും ചെറുപ്പക്കാരികളുമാണ്. അത്യന്താധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ ജീവിതത്തിന്റെ നാനാതുറകളിലും പരീക്ഷിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഈ തൊഴിലാളികൾക്കൊരു പരാതിയുണ്ടെങ്കിൽ അത് ബോധിപ്പിക്കുന്നതിന് ആളില്ലെന്നതാണ് അവർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അവർക്കൊരു മുതലാളിയെ കാണാൻ കഴിയുന്നില്ല. അവരുടെ കാര്യങ്ങളെല്ലാം സാങ്കേതികവിദ്യയിലൂടെ മുന്നോട്ടുപോകുകയാണ്. തലസ്ഥാന നഗരിയിൽ എം.എൽ.എ. ഹോസ്റ്റലിന് മുൻവശമുള്ള പാളയത്തിനുചുറ്റും നോക്കിയാൽ ആയിരത്തോളംവരുന്ന ചെറുപ്പക്കാരും ചെറുപ്പക്കാരികളും ഇരുചക്രവാഹനങ്ങളുമായി ഭക്ഷണ ഓർഡർ സ്വീകരിക്കുന്നതിനുവേണ്ടി ഹോട്ടലുകളുടെ പരിസരത്ത് നിൽക്കുന്ന കാഴ്ച കാണാൻ സാധിക്കും. ഇത് കേരളത്തിന്റെ മാത്രം വിഷയമല്ല, അന്തർദേശീയ വിഷയംകൂടിയാണ്. മൂന്നുമാസങ്ങൾക്കുമുമ്പ് ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികളുടെ ഒരു സമ്മേളനം

ഇറ്റലിയിൽവച്ച് നടന്നിരുന്നു. അതൊരു നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ (എൻ.ജി.ഒ.) നടത്തിയ സമ്മേളനമാണ്. ആ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി കേരളത്തിലെ ലേബർ കമ്മീഷണർ ശ്രീ. അർജ്ജുൻ പാണ്ഡ്യൻ ഐ.എ.എസ്.-നെ അയച്ചിരുന്നു. ആ സമ്മേളനത്തിൽ ഉയർന്നുവന്നതും പൊതുവിൽ ലോകത്താകെ ഇന്ന് ചർച്ച ചെയ്യപ്പെടുന്നതുമായ കാര്യങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പലതരത്തിലുള്ള തൊഴിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതിൽ ചില വിഷയങ്ങളിന്മേൽ ലേബർ കമ്മീഷണർതന്നെ ഇടപെട്ട് പരിഹാരം കാണുന്നതിനായി ശ്രമിക്കുന്നുണ്ട്. ഈ തൊഴിലാളികളെല്ലാംകൂടി സംഘടിച്ചാൽ അവരുടെ വലിയൊരു സംഖ്യയാകും. കേന്ദ്രഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ഇത്തരം ആവശ്യങ്ങളിലൊക്കെ ഇടപെടാൻ ഒരു താൽപ്പര്യവുമില്ലെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമല്ലോ? കാരണം അവർ നിലവിലുള്ള നിയമങ്ങൾ വെട്ടിക്കുറച്ച് നാല്

കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്ത് രണ്ടുദിവസം കഴിയുമ്പോൾതന്നെ കേന്ദ്രത്തിന്റെ പുതിയ കോഡ് നടപ്പാക്കുന്നത് സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ നിലപാട് എന്താണെന്ന് ചോദിച്ചുകൊണ്ട് കേന്ദ്ര ലേബർ സെക്രട്ടറിയുടെ കത്ത് വരികയാണ്. അതുസംബന്ധിച്ച് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ തൊഴിലാളിവിരുദ്ധ നിലപാടുകൾ മാറ്റിവച്ച് മാത്രമേ കേന്ദ്രം പാസ്സാക്കിയ ബിൽ കേരളത്തിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂവെന്ന നിലപാട് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അത് ഞങ്ങൾ ആവർത്തിച്ച് കേന്ദ്ര ഗവൺമെന്റിനോട് പറയാൻ തയ്യാറായിട്ടുമുണ്ട്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാടെന്താണ്; അവർ സ്വീകരിച്ചിരിക്കുന്ന ജനവിരുദ്ധ നിലപാടുകൾ, വിദ്യാഭ്യാസ രംഗത്ത് സ്വീകരിക്കുന്ന ജനകീയമല്ലാത്ത ജനവിരുദ്ധ നിലപാടുകൾ, തൊഴിലാളി

രംഗത്ത് സ്വീകരിക്കുന്ന ജനകീയമല്ലാത്ത നിലപാടുകൾ, ആ നിലപാടുകൾ നമ്മൾ അംഗീകരിച്ചില്ലെങ്കിൽ കേന്ദ്രം ഫണ്ട് തരില്ലെന്ന് പറഞ്ഞ് ഫണ്ട് കട്ട് ചെയ്യുകയാണ്. ആ ഫണ്ട് കാണിച്ചാണ് സംസ്ഥാനങ്ങളെ ഇപ്പോൾ ഭീഷണിപ്പെടുത്തുന്നത്. ഇത് കേന്ദ്രഗവൺമെന്റിന്റെ ഭരണകർത്താവായ ശ്രീ. നരേന്ദ്ര മോദിയുടെയോ അല്ലെങ്കിൽ കേന്ദ്ര തൊഴിൽ മന്ത്രിയുടെയോ ഒന്നും ഫണ്ടല്ലല്ലോ; ഇത് രാജ്യത്തെ ജനങ്ങളുടെ ഫണ്ടാണ്. അത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും അവകാശപ്പെട്ട കാര്യമാണെന്നതിൽ സംശയമില്ല. യഥാർഥത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടതാണ്. ഇന്ത്യാഗവൺമെന്റിന്റെ ഭരണസിരാകേന്ദ്രമായ ഡൽഹിയിൽച്ചെന്നാൽ പതിനായിരക്കണക്കിന് ഗിഗ് പ്ലാറ്റ്ഫോം വർക്കേഴ്സിനെയാണ് കാണാൻ സാധിക്കുന്നത്. ഈ സമൂഹത്തിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ വളരെ കഷ്ടപ്പെടുകയാണ്. രാവിലെ ഇരുചക്രവാഹനങ്ങളുമായി ഇറങ്ങിയാൽ അർധരാത്രി പന്ത്രണ്ട്, ഒരുമണിവരെ

കാത്തുനിന്നാൽ ചിലപ്പോൾ ഓർഡർ ലഭിക്കും ചിലപ്പോൾ ലഭിക്കില്ല. അങ്ങനെയുള്ള സാഹചര്യവുമുണ്ട്. ബഹുമാനപ്പെട്ട വാമനപുരം അംഗം സൂചിപ്പിച്ചതുപോലെ, ഇവർ കൊണ്ടുവരുന്ന ആഹാരത്തിന്റെ ക്വാളിറ്റിയുടെ പ്രശ്നങ്ങളൊക്കെ ഉണ്ടാകുന്നുണ്ട്. അതിൽ ചെയ്യാൻ കഴിയുന്ന ഏക പരിഹാരം, ഓർഡർ ചെയ്യുന്ന ഹോട്ടലിലെ ഭക്ഷണം മോശമാണെങ്കിൽ അടുത്ത പ്രാവശ്യം ആ ഹോട്ടലിൽ ബുക്ക് ചെയ്യാതെ മറ്റേതെങ്കിലും ഹോട്ടലിൽ ബുക്ക് ചെയ്താൽ മതിയാകും. അങ്ങനെയൊരു നിലപാട് മാത്രമേ അതുസംബന്ധിച്ച് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പൊതുവിൽ വളരെ സഹായകരമായ നിലപാടാണ് ഇക്കൂട്ടർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചെറുപ്പക്കാരുടെ വലിയൊരു ശക്തിയാണ്, ഇത് യാഥാർത്ഥ്യമായിരിക്കുകയാണ്. നമുക്ക് സമൂഹത്തിൽനിന്ന് ഇവരെ മാറ്റിനിർത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് അവരുടെ ജീവിത സാഹചര്യം, വിദ്യാഭ്യാസം, അവർ നടത്തുന്ന സേവനം തുടങ്ങിയ

കാര്യങ്ങളാകെ പരിഗണിച്ച് കേരളംപോലൊരു സംസ്ഥാനത്ത് ഒരുകാരണവശാലും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നത് അനുവദിക്കാൻ പാടില്ല. അവർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭിക്കേണ്ടതുണ്ട്. കേരളത്തിൽ പതിനാറ് വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഏതാണ്ട് 72 ലക്ഷം തൊഴിലാളികൾ അംഗങ്ങളുമാണ്. ഇന്ത്യയിൽത്തന്നെ മാതൃകാപരമായി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിലുള്ളതുപോലെ അത്രയും തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഇന്ത്യയിലെ മാറ്റൊരു സംസ്ഥാനത്തും കാണാൻ സാധിക്കില്ല. അതാണ് കേരളാ മോഡലും കേരളത്തിന്റെ പ്രത്യേകതയും. ഈ ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടെങ്കിലും ഇത് ഗൗരവമുള്ള വിഷയമായതുകൊണ്ടും സഭയിൽ മുമ്പ് ഉന്നയിച്ച ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞതുപോലെ ഗിഗ് വർക്കേഴ്സ് പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ടും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒരു ബിൽ കൊണ്ടുവരാൻ സംസ്ഥാന

ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ആ ബില്ലിന്റെ പണിപ്പുരയിലാണ് തൊഴിൽ വകുപ്പെന്ന കാര്യംകൂടി അറിയിക്കുന്നു. അതുകൊണ്ട് അങ്ങയുടെ ഉപക്ഷേപം പിൻവലിക്കുന്നതിൽ തെറ്റില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ്, അങ്ങ് ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും ഇക്കാര്യത്തിൽ പോസിറ്റീവായെടുത്ത നിലപാടിനോട് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

(ii) 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി

വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം എം.എൽ.എ.-യായതിനുശേഷമുള്ള ആദ്യത്തെ സ്വകാര്യ ബില്ലാണിത്. അതുകൊണ്ട് അദ്ദേഹം സംസാരിക്കട്ടെ, അതിനുശേഷം ഞാൻ മറുപടി പറയാം.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, കേരളത്തിൽ മുമ്പില്ലാത്തവിധം ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവയുടെ തോത് വർധിച്ചുവരുന്നതായി കാണുന്നു. പൊതുസ്ഥലങ്ങളിലും മറ്റുമുണ്ടാകുന്ന നിസ്സാര വാക്കുതർക്കങ്ങൾപോലും ആക്രമണത്തിലേയ്ക്കും കൊലപാതകത്തിലേയ്ക്കും നയിക്കപ്പെടുന്ന ഗുരുതരമായ നിരവധി സാഹചര്യങ്ങളാണ് നാം കണ്ടുവരുന്നത്. ജാതിയുടെയോ മതത്തിന്റെയോ പേരിൽ നടക്കുന്ന ദുരഭിമാന കൊലപാതകങ്ങൾ കേരളത്തിന് പുറത്തുനടക്കുന്ന സംഭവങ്ങളായാണ് നമ്മൾ

വായിച്ചിരുന്നത്. കേരളം ജാതീയതയും മതഭേദവും മറികടന്ന് ജാതിരഹിത മതേതര ഭൂമിയായിട്ടാണ് വിശേഷിക്കപ്പെടുന്നത്. ഉത്തരേന്ത്യയിലോ അയൽ സംസ്ഥാനങ്ങളിലോ ദുരഭിമാന കൊലകൾ (honor killing) അഥവാ ജാതിക്കൊലകൾ ധാരാളമായി നടക്കാറുള്ളപ്പോഴും പുരോഗമന കേരളം അത്ഭുതത്തോടെയും ഞെട്ടലോടെയുമാണ് അത് കാണാറുള്ളത്. എന്നാൽ ഇപ്പോൾ കേരളത്തിലും ദുരഭിമാനക്കൊലകളും ജാതിമർദനങ്ങളുമുണ്ടാകുന്നു. 2019 ഫെബ്രുവരി 22-ന് മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ട ആക്രമണത്താൽ കൊല്ലപ്പെട്ട മധുവിന്റെ മരണത്തോടുകൂടിയാണ് ആൾക്കൂട്ട കൊലപാതകങ്ങൾ നാം ശ്രദ്ധിക്കുന്നത്. പക്ഷേ, ആദ്യത്തെ ആൾക്കൂട്ട കൊലപാതകം അതല്ല; ഷഹീദ് ബാബ കേസ് ആണ്. ആ കേസിന്റെ വിധി വരാനായി എട്ട് വർഷമെടുത്തു. ആ വിധി വന്നതിനെത്തുടർന്ന് ആൾക്കൂട്ട കൊലപാതകങ്ങൾ നടത്തുന്നതുസംബന്ധിച്ച് ഒരു പ്രത്യേക നിയമം ആവശ്യമാണെന്ന് കോടതിതന്നെ നിരീക്ഷിക്കുകയുണ്ടായി. പിന്നീടങ്ങോട്ട് 2020-ൽ തിരുവനന്തപുരം സ്വദേശി അനീഷ്, കൊട്ടാരക്കര സ്വദേശി അനിൽ കുമാർ എന്നിങ്ങനെ നീളുന്നു ആ ലിസ്റ്റ്. റാഗിങ്ങിന് ഇരയായി കൊല്ലപ്പെട്ട

പൂക്കോട് വെറ്ററിനറി കോളേജ് വിദ്യാർഥി സിദ്ധാർഥന്റെ മരണവും ഒരു വിധത്തിൽപ്പറഞ്ഞാൽ ആൾക്കൂട്ട കൊലപാതകം തന്നെയാണ്. സിദ്ധാർഥനെ പ്രതികൾ ആൾക്കൂട്ട വിചാരണ നടത്തിയെന്ന് സി.ബി.ഐ. കുറ്റപത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു. മൂന്ന് ദിവസം വെള്ളമോ ഭക്ഷണമോ നൽകാതെ അദ്ദേഹത്തെ മരണത്തിലേയ്ക്ക് നയിക്കുകയായിരുന്നു ഈ സംഘം. അതുപോലെതന്നെ ഏറ്റവും അവസാനമുണ്ടായ മൂവാറ്റുപുഴ ആൾക്കൂട്ട കൊലപാതകത്തിനിരയായ അരുണാചൽ പ്രദേശ് സ്വദേശി അശോക് ദാസ്. അദ്ദേഹത്തെയും ആൾക്കൂട്ടം കൊലചെയ്യുകയായിരുന്നു. വിദ്യാസമ്പന്നരും സമൂഹത്തിലെ മാന്യന്മാരുമെന്ന് അവകാശപ്പെടുന്നവരടങ്ങുന്ന ഈ ആൾക്കൂട്ടത്തിലെ അംഗങ്ങൾ ഒറ്റയ്ക്കാകുമ്പോൾ യാതൊരു പ്രതികരണവുമില്ലാത്തവരും കൂട്ടംചേരുമ്പോൾ ഏത് തരത്തിലുള്ള ക്രൂരകൃത്യം ചെയ്യാൻ മനക്കട്ടിയുള്ളവരുമായി മാറുന്നു. ആൾക്കൂട്ടത്തിന്റെ വിധ്വംസക സ്വാഭാവത്തെക്കുറിച്ചും ആൾക്കൂട്ട മനോഭാവത്തിന്റെ ആക്രമണത്തെക്കുറിച്ചും വിശദമായി 'ഫാസിസത്തിന്റെ ആൾക്കൂട്ട മനഃശാസ്ത്രം' എന്ന വിഖ്യാതമായ ഗ്രന്ഥത്തിൽ വിൽഹം റീഹ് (Wilhelm Reich) വിശദമാക്കിയിട്ടുണ്ട്. മാനുഷിക

മൂല്യങ്ങൾക്കെതിരായ കടന്നുകയറ്റമാണ് ആൾക്കൂട്ട കൊലപാതകങ്ങൾ. എതിരാളികളെ കൂട്ടംചേർന്ന് ആക്രമിച്ച് കീഴടക്കുന്ന പ്രാചീന മനുഷ്യനിലേയ്ക്കുള്ള തിരിച്ചുപോക്ക്. രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ടതില്ലല്ലോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022 ഏപ്രിൽ വരെ 53 രാഷ്ട്രീയ കൊലപാതകങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. 2016-ൽ 15, 2017-ൽ 5, 2018-ൽ 4, 2019-ൽ 4, 2020-ൽ 4, 2021-ൽ 5. 2000 മുതൽ 2017 വരെ 172 പേരാണ് സംസ്ഥാനത്ത് രാഷ്ട്രീയത്തിന്റെ പേരിൽ കൊല്ലപ്പെട്ടിട്ടുള്ളത്. ചില രാഷ്ട്രീയ കൊലപാതകങ്ങൾകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. കെ. പി. ജയകൃഷ്ണൻ മാസ്റ്ററുടെ കൊലപാതകം; എന്റെ ജീവിതത്തിൽ ഞാൻ ആദ്യമായൊരു രാഷ്ട്രീയ കൊലപാതകം ശ്രദ്ധിച്ചിട്ടുള്ളത് അതാണ്. ക്ലാസ് മുറിയിൽ വച്ച് അദ്ധ്യാപകനായ അദ്ദേഹത്തെ കൊല്ലുകയായിരുന്നു. ഈ കൊലപാതകം ആ അദ്ധ്യാപകന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും ജീവിതത്തെ മാത്രമല്ല ആ ക്ലാസിലുണ്ടായിരുന്ന വിദ്യാർഥികളുടെ ജീവിതത്തെക്കൂടി ബാധിച്ചു. ആ

വിദ്യാർഥികൾക്ക് സൈക്കോളജിക്കൽ ട്രീറ്റ്മെന്റെടുക്കേണ്ടി വന്നു. നമുക്ക് ഇനി അത് അനുവദിക്കാൻ സാധിക്കുമോ? അതുപോലെ ടി. പി. ചന്ദ്രശേഖരൻ; 51 വെട്ടേറ്റിട്ടാണ് അദ്ദേഹം കൊല്ലപ്പെടുന്നത്. ആ കൊല ആസൂത്രണം ചെയ്തവർ മറ്റൊരു പരിപാടിയുംകൂടി ഒപ്പിച്ചു. 'മാഷാ അല്ലാഹ്' എന്ന് കാറിൽ എഴുതി ഇതിന് മറ്റൊരു നിറംകൂടി നൽകാനുള്ള ശ്രമം നടത്തി. പാർട്ടി കോടതികൂടി കൊലപ്പെടുത്തിയ അരിയിൽ ഷുക്കൂർ; കംഗാരു കോർട്ടെന്ന് പറഞ്ഞുകേട്ടിട്ടേയുള്ളൂ, ആദ്യമായി കാണാനുള്ള അവസരം അപ്പോഴാണുണ്ടായത്. അതുപോലെ കൃപേഷും ശരത് ലാലും ഷുഹൈബും കൊല്ലപ്പെട്ടപ്പോൾ അവരവരുടെ വീടിന്റെ മാത്രമല്ല നാടിന്റെ പ്രതീക്ഷകൾ കൂടിയാണ് നഷ്ടപ്പെട്ടത്. രാഷ്ട്രീയ കൊലപാതകമോ സംഘർഷമോ ഉണ്ടെങ്കിൽ ഇടതുണ്ടെന്ന സാഹചര്യം മാറ്റാൻ നിങ്ങൾ ശ്രമിക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരാൾപോലും രാഷ്ട്രീയത്തിന്റെ പേരിൽ കൊലയ്ക്കിരയാകാതിരിക്കട്ടെ. രാഷ്ട്രീയ കൊലപാതകങ്ങളുടെ മറ്റൊരു പ്രത്യേകത, ആൾക്കൂട്ട കൊലപാതകങ്ങളുടെ കേസിൽ കണ്ടതുപോലെ കുറ്റകൃത്യങ്ങളുടെ അന്വേഷണം, കുറ്റസ്ഥാപനം,

വിചാരണ എന്നിവയിലുണ്ടാകുന്ന അസാധാരണമായ കാലതാമസമാണ്. അത് വളരെ ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. കുറ്റവാളികൾക്ക് അർഹമായ ശിക്ഷയ്ക്ക് കാലതാമസമുണ്ടാകുന്നതിനും ചിലപ്പോൾ ശിക്ഷതന്നെ ഒഴിവാക്കുന്നതിനും ഈ സാഹചര്യം കാരണമാകുന്നു. സാക്ഷികളെ സ്വാധീനിക്കാനും ഭീഷണിപ്പെടുത്തി മൊഴി മാറ്റി പറയിപ്പിക്കാനുമുള്ള സമയം ഇതുവഴി ഉടലെടുക്കുന്നു. ഇതിലൂടെ സമൂഹത്തിൽ വളരെ തെറ്റായൊരു സന്ദേശമാണ് പ്രചരിക്കുന്നത്. മറ്റ് രാജ്യങ്ങളിലുള്ളതുപോലെ സാക്ഷി സംരക്ഷണ നിയമം നിലവിലില്ലാത്തതാണ് ഇവിടത്തെ പ്രശ്നം. പക്ഷേ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത നിലവിൽ വന്നിരിക്കുന്നു അല്ലെങ്കിൽ നിലവിൽ വരാൻ പോകുന്നു. അതിലെ 398-ാം വകുപ്പിൽ പറയുന്നത്, 'Every State Government shall prepare and notify a Witness Protection Scheme for the State with a view to ensure protection of the witnesses' എന്നാണ്. തീർച്ചയായും അതുകൊണ്ട് നമുക്കൊരു വിറ്റ്നെസ് പ്രൊട്ടക്ഷൻ സ്കീം ഉണ്ടാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. 2016 മേയ് 25 മുതൽ 2021 മേയ് വരെ സംസ്ഥാനത്ത് 26 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്നും അതിൽ ഒന്നൊഴികെ മറ്റെല്ലാ

കേസുകളും വിചാരണയിലാണെന്നുമാണ് നിയമസഭാ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. കേസുകൾ തീർപ്പാക്കാനുള്ള കാലതാമസമാണ് ഇത് കാണിക്കുന്നത്. മറ്റൊരു പ്രധാന പ്രശ്നം, കേസ് നടത്തിപ്പിന് വരുന്ന ഭീമമായ ചെലവാണ്. പെരിയ - ഷുഹൈബ് വധക്കേസുകൾക്ക് മാത്രമായി 1,74,40,000 രൂപയാണ് ഫീസിനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാജരായ അഭിഭാഷകർക്ക് നൽകിയിരിക്കുന്നത്. മറ്റ് പതിനാല് കേസുകൾക്ക് ഹൈക്കോടതിയിൽ ഹാജരായ അഭിഭാഷകരുടെ താമസത്തിനും യാത്രകൾക്കുമായി 13,67,172/- രൂപ ചെലവാക്കി. സുപ്രീം കോടതിയിലെ കേസുകൾക്ക് 46 ലക്ഷത്തോളം രൂപ ചെലവാക്കി. പ്രതികളെ സംരക്ഷിക്കുന്നതിനാണ് ഇതെല്ലാം ചെലവാക്കിയത്. സംസ്ഥാനത്തെ വിവിധ ക്ഷേമപദ്ധതികൾക്കുവേണ്ടി ഉപയോഗിക്കേണ്ട തുകയാണ് കൊലക്കേസിലെ പ്രതികൾക്കുവേണ്ടി ചെലവാക്കിയിരിക്കുന്നത്. ഇത് എത്രത്തോളം ഹീനമാണെന്ന് നമുക്കാലോചിക്കാവുന്ന കാര്യമാണ്. ഇത്തരത്തിൽ എത്ര രൂപയാണ് ഖജനാവിൽനിന്നും ചെലവാകുന്നത്. പ്രതികൾക്ക് രക്ഷപ്പെടാനുള്ള

അവസരമൊരുക്കാനാണ് രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസ്സുകളിന്മേലുള്ള വിധികൾ വൈകിപ്പിക്കുന്നത്. നമുക്കറിയാം, അതുതന്നെയാണ് ലക്ഷ്യം. അക്കാര്യത്തിൽ ഒരു സംശയവുമില്ല. രാഷ്ട്രീയത്തിനതീതമായി ഇത്തരം ക്രൂരകൃത്യങ്ങൾക്ക് കാരണമായവർക്ക് അർഹിക്കുന്ന ശിക്ഷ കഴിവതും വേഗം വിധിച്ച് ശിക്ഷ നടപ്പാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. എങ്കിൽ മാത്രമേ നിയമവ്യവസ്ഥയെ ജനങ്ങൾ മാനിക്കുകയുള്ളൂ. മാത്രമല്ല പെട്ടെന്ന് ശിക്ഷ ലഭിക്കുമെന്ന് കണ്ടാൽ കുറ്റകൃത്യങ്ങൾ താനെ കുറയും. കുറ്റം ചെയ്യുന്നവർക്ക് മറ്റ് സ്വാധീനങ്ങൾ ചെലുത്താൻ വേണ്ട സാവകാശം ലഭിക്കുകയുമില്ല. ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് വേഗത്തിലുള്ള വിചാരണയും കുറ്റസ്ഥാപനവും ശിക്ഷ ഉറപ്പാക്കലും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. സ്വാഭാവികമായും ഇത് നിയമമാക്കിയാൽ അതിവേഗ കോടതികൾ രൂപീകരിക്കുന്നതുവഴി സഞ്ചിതനിധിയിൽനിന്നും ചെലവ് വരാം. പക്ഷേ അല്ലാതെതന്നെ സഞ്ചിത നിധിയിൽനിന്നും ചെലവുവരുന്ന സാഹചര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. ഇവിടെ പ്രതികൾക്ക് അർഹമായ ശിക്ഷ

നേടിക്കൊടുക്കാനാണ് ചെലവ് വരുന്നതെന്ന് കാണാവുന്നതാണ്. അതുകൊണ്ട് ഈ നിയമം സർക്കാർ അംഗീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ നേരത്തെ വഴങ്ങുമോയെന്ന് ചോദിച്ചത് അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ പരാമർശത്തിന് മറുപടി പറയാനല്ല. ഞാൻ ചോദിച്ചത് ഇന്ത്യൻ പീനൽകോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും എവിഡൻസ് ആക്ടും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. അതിവേഗ കോടതികൾ നമ്മുടെ നിയമ സംവിധാനത്തിൽ സ്ഥാപിച്ചിട്ടുമുണ്ട്. അപ്പോൾ എങ്ങനെയാണ് ഈ ബില്ലിന് പ്രസക്തി വരുന്നതെന്ന സംശയമാണ് ഞാൻ അദ്ദേഹത്തോട് ചോദിച്ചത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച ബില്ലിന്റെ പീഠികയിൽ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ നിയന്ത്രിക്കുന്നതാണ് പ്രസ്തുത ബില്ലിന്റെ

ഉദ്ദേശ്യമെന്നാണ് പറഞ്ഞിട്ടുള്ളത്. സംസ്ഥാനത്ത് അത്തരത്തിലുള്ള ഒരു സാമൂഹ്യ അന്തരീക്ഷമല്ല നിലനിൽക്കുന്നത്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ അവ ഫലപ്രദമായി നേരിടുന്നതിനും കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ബിൽ സംബന്ധിച്ച് പറയുമ്പോൾ, ഭാരതീയ ന്യായ സംഹിത പ്രകാരമോ ഇന്ത്യൻ പീനൽ കോഡ് പ്രകാരമോ കുറ്റകൃത്യങ്ങളായി അനുശാസിച്ചിട്ടുള്ളവയിൽനിന്നും അപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് നിയമപ്രകാരം ചുമത്തിയിട്ടുള്ളതുമായ ശിക്ഷകളിൽനിന്നും വ്യത്യസ്തമായ കുറ്റകൃത്യങ്ങളോ ശിക്ഷകളോ ഉള്ളതായി അവതരണാനുമതി തേടുന്ന ബില്ലിൽ കാണുന്നില്ല. ഇന്ത്യൻ പീനൽ കോഡോ ഭാരതീയ ന്യായ സംഹിതയോ വിഭാവന ചെയ്യുന്നതിൽനിന്നും വ്യത്യസ്തമല്ലായെന്ന കാരണത്താൽ ഒരു നിയമനിർമ്മാണമെന്ന നിലയിൽ അവ ആവശ്യമില്ലാത്തതും അപ്രസക്തവുമാകുമ്പോൾ ഒരു പുതിയ നിർമ്മാണത്തിനുവേണ്ടിയുള്ള ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ ആവശ്യകതയോ ഔചിത്യമോ ഇല്ലെന്നുള്ള കാര്യത്തിൽ സംശയമില്ല. ബില്ലിൽ

പ്രതിപാദിച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ അതിനേക്കാൾ ഫലപ്രദമായി നടപ്പാക്കാനും കേസുകളിൽ അന്വേഷണവും കോടതി നടപടികളും സമയബന്ധിതമായി തീർപ്പാക്കാനും ഇരകൾക്ക് നഷ്ടപരിഹാരം നൽകാനുള്ള അതീവ ഫലവത്തും ആധികാരികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ച് Tehseen S. Poonawalla v. Union Of India എന്ന കേസിൽ 17-7-2018-ലെ വിധിന്യായം വഴി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവിയുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാരണങ്ങളാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ചാണ്ടി ഉമ്മൻ, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു. ബില്ലിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(iii) 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ബിൽ

ശ്രീ. ജി. സ്റ്റീഫൻ: സർ, 2024-ലെ കേരള ഹരിത കർമ്മസേന ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ മാലിന്യസംസ്കരണ രംഗത്തെ ജനകീയ മുഖമാണ് ഹരിത കർമ്മസേന. കുടുംബശ്രീ പ്രസ്ഥാനത്തിൽനിന്ന് കണ്ടെത്തി ഒരു തൊഴിൽ സംരംഭമായി പ്രവർത്തനമാരംഭിച്ച ഹരിത കർമ്മസേനയ്ക്ക് ഇന്ന് സംസ്ഥാനത്ത് ഏതാണ്ട് മുപ്പത്തിയാറായിരത്തിലധികം അംഗങ്ങളുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമുള്ള എല്ലാ പിന്തുണയും സംവിധാനങ്ങളും സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

നൽകിവരുന്നുണ്ട്. നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, മാലിന്യ ശേഖരണത്തിനുള്ള സംവിധാനങ്ങൾ, മാലിന്യ സംഭരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ, യൂണിഫോം, ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് സംവിധാനങ്ങളെല്ലാം ഹരിത കർമ്മസേനയ്ക്ക് നൽകുന്നുണ്ട്. കൂടാതെ, 59 വയസ്സുവരെയുള്ള ഹരിത കർമ്മസേനാംഗങ്ങൾക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കാവുന്നതുമാണ്. ഒരു വർഷമെങ്കിലും അംശദായം അടയ്ക്കുന്നവർക്ക് ധനസഹായം ലഭിക്കുന്നതാണ്. നിലവിൽ വ്യക്തമായ മാർഗ്ഗരേഖയോടെ പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധി ബോർഡ് നിലവിലുള്ളതിനാൽ ഈ ബില്ലിൽ പ്രതിപാദിക്കുന്നതുപോലെ പുതിയ ഒരു ബോർഡ് രൂപീകരിക്കുന്നതിന് പ്രസക്തിയില്ല. അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രസ്തുത ബില്ലിലെ ലക്ഷ്യങ്ങൾ നിലവിലുള്ള സംവിധാനംവഴിതന്നെ പരിഹരിക്കപ്പെടുന്നതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്ത് രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച

സംവിധാനമാണ് ഹരിത കർമ്മസേന. കഴിഞ്ഞ എട്ട് വർഷമായി നമ്മുടെ സർക്കാർ ശുചിത്വ/മാലിന്യ സംസ്കരണ രംഗത്ത് ഒട്ടേറെ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന നിലയിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നുവരുന്നത്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സാമൂഹിക ബോധമാണ് സമൂഹത്തിൽ നാം പുതുതായി വളർത്തിയെടുക്കേണ്ടത്. ഹരിത കേരളം മുന്നോട്ടുവച്ച 'ശുചിത്വകേരളം' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന രൂപീകരിച്ചിട്ടുള്ളത്. ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, തൊഴിലുറപ്പ് മിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 250 വീടിന് ഒരാൾ എന്ന നിലയിൽ കുടുംബശ്രീ അംഗങ്ങൾക്കിടയിൽ നിന്നാണ് ഹരിത കർമ്മസേന അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. വീടുകളുടെ എണ്ണമനുസരിച്ചാണ് ഓരോ വാർഡിലെയും

ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത്. ഹരിത കർമ്മസേനാംഗങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം മിനി എം.സി.എഫ്.-ലേയ്ക്കും അവിടെനിന്ന് എം.സി.എഫ്.-ലേയ്ക്കും തുടർന്ന് ക്ലീൻ കേരള കമ്പനിയിലേയ്ക്കും മറ്റ് അംഗീകൃത പ്രൈവറ്റ് ഏജൻസികൾക്കും കൈമാറുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്ത് 2024 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം, 36510 ഹരിത സേനാംഗങ്ങൾ ജോലി ചെയ്തുവരുന്നുണ്ട്. ഇതിൽ 90 ശതമാനത്തിന് മുകളിൽ വനിതകളാണ്. കൂടുതൽ അംഗങ്ങളും 18-65 വയസ്സിനിടയിൽ പ്രായമുള്ളവരാണ്. 941 ഗ്രാമപഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. 87 ശതമാനം വീടുകളിൽനിന്നും അജൈവമാലിന്യം ശേഖരിക്കുന്നത് ഹരിത കർമ്മസേനയാണ്. സംസ്ഥാനത്ത് 17393 മിനി എം.സി.എഫ്.-കളും 1247 എം.സി.എഫ്.-കളും 164 ആർ.ആർ.എഫ്.-കളും പ്രവർത്തിക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയിൽനിന്ന് 47548 ടൺ മാലിന്യം ക്ലീൻ കേരള കമ്പനിയും 5380 ടൺ മാലിന്യം പ്രൈവറ്റ് ഏജൻസികളും ശേഖരിച്ചിട്ടുണ്ട്. ആകെ 52928 ടൺ

മാലിന്യം ഇത്തരത്തിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട്. പതിനായിരം രൂപയെങ്കിലും ഒരു ഹരിതകർമ്മ സേനാംഗത്തിന് വരുമാനം ലഭിക്കത്തക്ക രീതിയിൽ വേതനം/ഓണറേറിയം ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ലഭ്യമായ കണക്ക് പ്രകാരം, 14705 ഹരിത സേനാംഗങ്ങൾക്ക് 10,000 രൂപയും അതിന് താഴെയുമാണ് വരുമാനം. 15058 ഹരിത സേനാംഗങ്ങൾക്ക് പതിനായിരം രൂപയ്ക്ക് മുകളിലും 626 ഹരിത കർമ്മസേനാംഗങ്ങൾക്ക് 25,000 രൂപയ്ക്ക് മുകളിലും വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മസേന നമ്മുടെ നാട്ടിൽ നടത്തുന്ന സംഭാവന വിലമതിക്കാനാകാത്തതാണ്. കഴിഞ്ഞ വർഷം ശേഖരിച്ച 53000 ടൺ മാലിന്യം ശേഖരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഈ മാലിന്യം നമ്മുടെ മണ്ണിനടിയിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കുമായിരുന്നു. ഇത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക മലിനീകരണം എത്രമാത്രമാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇപ്പോൾ കാലാവസ്ഥ വ്യതിയാനം നമ്മെ എത്രമാത്രം ബുദ്ധിമുട്ടിക്കുന്നുണ്ടെന്നുള്ള കാര്യം ഇന്നത്തെ കാലഘട്ടത്തിൽനിന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഹരിത കർമ്മസേനയെ ശക്തിപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താൻ സാധ്യമായ എല്ലാ വഴികളും ഈ സർക്കാർ നടത്തുന്നുണ്ട്.

ശ്രീ. ലിന്റോ ജോസഫ്: സർ, ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണെന്ന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് പറയുന്നുണ്ട്. വീടുകളിൽനിന്നും ഹരിത കർമ്മസേന വാങ്ങുന്ന യൂസർ ഫീ അമിതമാണെന്ന് പറഞ്ഞ് അവരുടെ പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുന്ന ചില പ്രവണതകൾ ഇപ്പോൾ കേരളത്തിൽ കാണുന്നുണ്ട്. മാലിന്യം കൊണ്ടുപോയി തോട്ടിലും പുഴയോരത്തും കൂട്ടിയിട്ട് കത്തിക്കുന്നവരും പൊതുയിടങ്ങളിൽ വലിച്ചെറിയുന്നവരും അതിനുവേണ്ടി പണം ചെലവഴിക്കുന്ന ആളുകളും ഹരിത കർമ്മസേനാംഗങ്ങൾക്ക് കൊടുക്കേണ്ട യൂസർ ഫീ കൊടുക്കാതെ ഇവർക്കെതിരെ തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, ഹരിത കർമ്മസേനാംഗങ്ങൾ യൂസർ ഫീ കളക്ട് ചെയ്യുന്ന കാര്യത്തിൽ ചില ഒറ്റപ്പെട്ട വീടുകളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ

വ്യത്യസ്തമായ നിലപാടുകളുണ്ടാകുന്നുവെന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അജൈവ മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്ന എല്ലാവരും ഹരിതകർമ്മ സേനാംഗങ്ങളോട് ഉത്തരവാദിത്വബോധത്തോടെ സഹകരിക്കേണ്ടതാണെന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. കേരളാ പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പൽ നിയമം എന്നിവയെല്ലാം കാലാനുസൃതമായി പരിഷ്കരിക്കുകയും ശക്തമായ പിഴയും ശിക്ഷാനടപടികളും ചുമത്തിക്കൊണ്ട് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ ശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർ വളരെ ശക്തമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ, ഫീൽഡുതലത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനെ സംബന്ധിച്ച വാർത്തകൾ മാധ്യമങ്ങളിൽ സജീവമായി പ്രത്യക്ഷപ്പെടാറുണ്ട്. നിലവിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ എം.സി.എഫ്.-കൾ നിർമ്മിക്കുന്നതിൽ ചില ഗ്രാമപഞ്ചായത്തുകൾ വിമുഖത കാണിക്കുന്നത് സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അത്തരത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും എം.സി.എഫ്.-കൾ

സ്ഥാപിക്കണമെന്ന് നിഷ്കർഷിക്കേണ്ടത് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് അനിവാര്യമാണ്. മിനി എം.സി.എഫ്.-കളുടെ അഭാവം ഫീൽഡുതലത്തിൽ ധാരാളം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. പലപ്പോഴും റോഡരികിൽ നിക്ഷേപിക്കുന്ന മാലിന്യം സൂക്ഷിക്കേണ്ടതായിട്ടുള്ള സാഹചര്യങ്ങളുണ്ടാകാറുണ്ട്. മാലിന്യശേഖരണത്തിനായുള്ള കയ്യുറകൾ, സഞ്ചികൾ, ബൂട്ടുകൾ എന്നിവയുടെ കുറവ് ചില സ്ഥലങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം.

തൊഴിലാളികളെ എക്കാലവും സംരക്ഷിക്കുന്ന ഒരു സർക്കാരാണ് നമ്മുടെ സർക്കാർ. തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡ് പോലെ സമൂഹത്തിനുവേണ്ടി വിലമതിക്കാനാവാത്ത സേവനം ചെയ്യുന്ന ഹരിത കർമ്മസേനയ്ക്കുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് ഹരിതകർമ്മ സേനംഗങ്ങൾക്ക് വളരെ സഹായകരമായിരിക്കും. ഇതിനുവേണ്ടിയാണ് ഈ ബിൽ ഞാൻ കൊണ്ടുവന്നത്. ഇതോടൊപ്പം

ഹരിതകർമ്മ സേനയ്ക്കുമാത്രമായി ഒരു ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതും വളരെ സഹായകരമായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ, അങ്ങ് ചർച്ച തുടരുന്നുണ്ടോ... അതോ അവസാനിപ്പിക്കുകയാണോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, തുടരുന്നു. ഒരു മിനിറ്റുകൂടി അനുവദിക്കണം. അതോടൊപ്പം ജനസംഖ്യയ്ക്ക് ആനുപാതികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ എം.എസി.എഫ്.-ഉം മിനി എം.എസി.എഫ്.-കളും നിർബന്ധിത പദ്ധതികളായി ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിക്കേണ്ടതാണ്. നിലവിലുള്ള എം.എസി.എഫ്.-കൾ ഹരിതകർമ്മ സേനാംഗങ്ങൾക്ക് എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന കാര്യത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്. ഇവരുടെ സേവനത്തിന്റെ മൂല്യം അളന്ന് തിട്ടപ്പെടുത്താൻ കഴിയില്ല. തൊഴിൽ സ്ഥിരത ഇല്ലാത്തതിനാലും മതിയായ വരുമാനമില്ലാത്തതിനാലും മറ്റ് നിരവധി കാരണങ്ങളാലും ഇവർ ബുദ്ധിമുട്ടുകളനുഭവിക്കുന്നു. ഇവരുടെ പ്രയാസങ്ങളും വിഷമതകളും പരിഹരിക്കുന്നതിനും ഇവർക്ക് ആശ്വാസം നൽകുന്നതിനും

ഇവരുടെ ക്ഷേമം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, ചികിത്സാ സഹായം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഇവരുടെ ഭാവി ജീവിതം സംരക്ഷിക്കുന്നതിനുമായി ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇത് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iv) 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീമതി സി. കെ. ആശ: സർ, 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് പ്രസക്തിയുണ്ടെങ്കിലും നിലവിൽ അതിന് സമാനമായിട്ടുള്ള മറ്റൊരു ബോർഡ്

പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പാഴ്‌വസ്തു ശേഖരണ തൊഴിലാളികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നത് വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിട്ടുള്ളത്.

2016-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന പദ്ധതിയിൽ മറ്റ് ക്ഷേമപദ്ധതികളിൽ അംഗമല്ലാത്ത പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾക്കും അംഗമാകുന്നതിനുവേണ്ടിയുള്ള എല്ലാ സാധ്യതകളുമുള്ളതിനാൽ അവർക്ക് അതിൽ അംഗമാകാം. തൊഴിൽ വകുപ്പിനുകീഴിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ബോർഡാണിത്. കേരളാ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് മുഖാന്തരം പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് റിട്ടയർമെന്റിന്റെ ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകട ആനുകൂല്യങ്ങൾ എന്ന് തുടങ്ങി എല്ലാ ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യങ്ങളെല്ലാം ഈ ബോർഡിനെക്കൊണ്ട് നിറവേറ്റാൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്. അതാണ് ഇതിന്റെ നിജസ്ഥിതി. ബഹുമാനപ്പെട്ട അംഗത്തിന് ഇക്കാര്യത്തിൽ കുറച്ചുകൂടി വ്യക്തത ആവശ്യമുണ്ടെങ്കിൽ ചർച്ച തുടരുന്നതിൽ തെറ്റില്ല.

ശ്രീമതി സി. കെ. ആശ: സർ, കേരളാ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾക്കും അംഗമാകാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പക്ഷേ നാളിതുവരെ അവരുടെ രജിസ്ട്രേഷനോ അവർക്ക് തൊഴിൽ കാർഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകാനോ തൊഴിൽ വകുപ്പിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സാധിച്ചിട്ടില്ലെന്നതാണ് വസ്തുത. അതുകൊണ്ട് തീർച്ചയായും അവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു.

നമ്മുടെ നിയമസഭ ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് വേദിയായ ഒരു ഇടമാണെന്ന് നമുക്കറിയാം. അടിസ്ഥാന തൊഴിലാളി വർഗ്ഗം എന്ന നിലയിൽ പാഴ്‌വസ്തു ശേഖരിക്കുന്നവരുടെ സംരക്ഷണത്തിനുവേണ്ടിയാണ് ഞാൻ ഈ

ബിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അനേകം പേർ പാഴ്വസ്തു ശേഖരണ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. അവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമ പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ സഹായം എന്നിവ നൽകുന്നതിനുംവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് അത്യാവശ്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റപ്പെടുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ.

നമ്മുടെ വീടുകളിലും പറമ്പുകളിലും പൊതുസ്ഥലങ്ങളിലുമെല്ലാം നിത്യേന വലിച്ചെറിയുന്ന മാലിന്യങ്ങളിൽനിന്നും ഖരമാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കാനുള്ള വഴികളേറെയുണ്ടെങ്കിലും നാം അതിന് ശ്രമിക്കുന്നുണ്ടോ എന്ന ആത്മപരിശോധന ഓരോരുത്തരും നടത്തേണ്ടതാണ്. പ്ലാസ്റ്റിക് മാലിന്യങ്ങളും പഴയ വീട്ടുപകരണങ്ങളും പാത്രങ്ങളും അതിലേറെ ഇ-മാലിന്യങ്ങളും ഒരുപോലെ വലിച്ചെറിയുന്നവരാണ് നമ്മളിൽ പലരും. എന്നാൽ ഇത്തരം മാലിന്യങ്ങളിൽനിന്നും നമ്മുടെ പ്രകൃതിയെ ഒരു പരിധിവരെ മോചിപ്പിക്കുന്നവരാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികൾ. നമ്മൾ

പലപ്പോഴും അവർക്ക് യാതൊരു പരിഗണനയും കൊടുക്കാതെ അവരെ അവഹേളിക്കുകയും തുച്ഛമായ തുകയ്ക്കുവേണ്ടി അവരോട് കലഹിക്കുകയും ചെയ്യുന്നു. പ്രകൃതിയിൽ കുമിഞ്ഞ് കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങളെ യഥാവിധത്തിൽ സംസ്കരിക്കുന്നതെങ്ങനെയെന്ന് നാം മനസ്സിലാക്കേണ്ടതാണ്. നിലവിൽ പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള ത്യാഗോജ്ജ്വലമായ കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നത് പാഴ്വസ്തു ശേഖരണ തൊഴിലാളികളായതുകൊണ്ടുതന്നെയാണ് അവർക്കൊരു ക്ഷേമനിധി ബോർഡ് വേണമെന്ന് ആഗ്രഹിക്കുന്നത്. ഇങ്ങനെ വേണ്ടത്ര പരിഗണനയോ ആനുകൂല്യങ്ങളോ ലഭിക്കാത്ത ഈ മേഖലയിലെ തൊഴിലാളികൾ ഒരു ദിവസം പണി മുടക്കിയാലുള്ള നമ്മുടെ നാടിന്റെ അവസ്ഥ എന്താകുമെന്ന് ചിന്തിച്ചിട്ടുണ്ടോ; അത് ഒരാഴ്ചയോ ഒരു മാസക്കാലമോ ആയാലോ? വഴിയരികിൽ പ്ലാസ്റ്റിക് കുപ്പികളും കവറുകളും കുമിഞ്ഞുകൂടും. മഴക്കാലത്താണെങ്കിൽ അവ നഗരങ്ങളിലൂടെ ഒഴുകിനടക്കുകയും ജനവാസകേന്ദ്രങ്ങൾക്ക് ഭീഷണിയായി വെള്ളം കെട്ടിനിൽക്കുകയും മാരകരോഗങ്ങളാൽ ആരോഗ്യമേഖലയെ പ്രതിസന്ധിയിലാകുകയും ചെയ്യും.

വീടുകളിലെ പഴയ സാധനങ്ങൾ വലിച്ചെറിയുന്നത് സമൂഹത്തെ വൃത്തിഹീനമായ സാഹചര്യങ്ങളിലേയ്ക്ക് കൊണ്ടുവന്നെത്തിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല.

മാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ മേഖലയിലെ നിരവധി സംവിധാനങ്ങളുണ്ടെങ്കിലും അതിലെത്രയെണ്ണം പ്രയോജനപ്പെടുന്നുണ്ടെന്ന് നാം പരിശോധിക്കണം. മാലിന്യ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര കോടി രൂപയാണ് വർഷാവർഷം ചെലവിടുന്നത്. അവർ ഈ തൊഴിൽ ചെയ്യുന്നതുമൂലം സർക്കാരിനും നേട്ടമുണ്ട്. ഒരു രൂപപോലും പ്രതിഫലം വാങ്ങാതെയാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികൾ നമ്മുടെ പൊതുയിടങ്ങൾ ശുചീകരിക്കുന്നത്. നമ്മൾ എന്താണ് ചെയ്യുന്നതെന്ന് പരിശോധിക്കാം; ആക്രി സാധനങ്ങൾ വേർതിരിച്ചുവയ്ക്കുന്ന ശീലം നമുക്കാർക്കും തന്നെയില്ല. അത് പറമ്പിലും പൊതുയിടങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയാണ്. എന്നാൽ ഈ തൊഴിലാളികൾ ആ സ്ഥലങ്ങളിലെല്ലാം പോയി ഇത്തരത്തിലുള്ള സാധനങ്ങൾ ശേഖരിച്ച് അതിനുശേഷം വീട്ടുകാരുമായി വിലപേശി അപ്പോൾ മാത്രമാണ് അവർക്കൊരു

വരുമാനം ലഭിക്കുന്നത്. അതുവരെയും പറമ്പിൽ ആർക്കും വേണ്ടാതെയും ഭൂമിക്ക് ഭീഷണിയായും രോഗങ്ങളുടെ ഉറവിടമായും മാലിന്യ കൂമ്പാരമായും കിടക്കുന്ന വസ്തുക്കൾക്ക് നാം അപ്പോൾ ഭയങ്കര വിലയാണ് നിശ്ചയിക്കുന്നത്. തൊഴിലാളികളോട് നമ്മൾ കലഹിക്കുകയും തുച്ഛമായ കാശിനുവേണ്ടി വില പേശുകയും ഒടുവിൽ കിട്ടാവുന്ന നല്ല വിലയ്ക്ക് നമ്മൾ അവർക്ക് നൽകുകയുമാണ് ചെയ്യുന്നത്. അങ്ങനെ മാലിന്യ നിർമ്മാർജ്ജനത്തിൽ നമ്മുടെ പങ്ക് അതാണെങ്കിൽ ഇതൊന്നും യാതൊരു പ്രതിഫലേച്ഛയും കൂടാതെ വളരെ തുച്ഛമായ പ്രതിഫലനത്തിനുവേണ്ടി ശേഖരിക്കുന്ന മഹത്തായ സേവനമാണ് ഈ തൊഴിലാളികൾ നാടിനുവേണ്ടി ചെയ്യുന്നത്. അവരുടെ സേവനം ലഭ്യമല്ലെങ്കിൽ നമ്മുടെ ഭാവി നിലനിൽക്കില്ലെന്നുള്ളത് ഉറപ്പാണ്. ഭാവി അപകടത്തിലാകുമെന്ന യാഥാർഥ്യംകൂടി നാം മനസ്സിലാക്കണം. അവരെ സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. വൃത്തിഹീനമായ സാഹചര്യത്തിൽ പണിയെടുക്കുന്നവർക്ക് വേണ്ടത്ര പ്രതിഫലമോ ആരോഗ്യസംരക്ഷണ ഉപാധികളോ ആനുകൂല്യങ്ങളോ ഇതുവരെ ലഭ്യമായിട്ടില്ല. അവർ അസംഘടിത

വിഭാഗമായി തുടരുകയും അവർക്ക് നേരത്തെ പറഞ്ഞതുപോലെ ഒരു രജിസ്ട്രേഷൻ നിലവിലില്ലാതിരിക്കുകയും തൊഴിൽ കാർഡ് എന്നിവ ഉൾപ്പെടെ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് അവർക്ക് ഒരു ക്ഷേമനിധിയുടെ ആവശ്യം നാം മനസ്സിലാക്കുന്നത്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ ഉൾപ്പെടെയുള്ള സംഘടനകൾ തൊഴിൽ സംരക്ഷണത്തെ സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ നമുക്കിതൊന്നും നടപ്പാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിലെ തൊഴിലാളികൾക്കായി പെൻഷൻ ആനുകൂല്യങ്ങളും ഒപ്പം ഈ ബില്ലിൽ വിഭാവന ചെയ്തിട്ടുള്ള കാര്യങ്ങളും നടപ്പാക്കി ഈ മേഖലയിലെ തൊഴിലാളികളുടെ സേവനത്തിന് അംഗീകാരം നൽകണം. മാലിന്യ മുക്തമായ ഭൂമി വരും തലമുറയോടുള്ള നമ്മുടെ പ്രതിബദ്ധതയാണ്. അതിനാൽ പാഴ്വസ്തു ശേഖരണ തൊഴിലാളികളുടെ നിലനിൽപ്പ് അത്യന്താപേക്ഷിതമാണ്. ബില്ലിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകവഴി സാമൂഹ്യമായ മുന്നേറ്റത്തിന് ഈ വിഭാഗത്തിന് അവസരം ലഭിക്കുകയും ജനങ്ങളുമായി നല്ല ബന്ധം ഇതുവഴി സൃഷ്ടിച്ചെടുക്കുകയും അതിലൂടെ സമൂഹത്തിലെ മാന്യമായ

പദവിയിലേയ്ക്ക് പാഴ്‌വസ്തു ശേഖരണ തൊഴിലാളികളെ അംഗീകരിക്കുന്നതിനും ഈ ബിൽ വഴി സാധ്യമാകട്ടെയെന്ന് പ്രത്യാശിച്ചുകൊണ്ട് ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(V) 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാനത്തെ കാർഷിക വിളകളുടെ വിലയിലുണ്ടാകുന്ന അസ്ഥിരത പരിഹരിക്കാൻ നിലവിൽ സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. പഴം, പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന്

അദ്ദേഹം ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. 16 ഇനം പഴം, പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിക്കുകയും വിലയിടിയുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നെല്ലിന് കേന്ദ്ര സർക്കാരിന്റെ എം.എസ്.പി.(മിനിമം സപ്പോർട്ട് പ്രൈസ്)-യും സംസ്ഥാന സർക്കാരിന്റെ ഇൻസെന്റീവും ബോണസ്സും ചേർത്ത് ഉയർന്ന സംഭരണ വില ഇവിടെ നൽകുന്നുണ്ട്. നാളികേരത്തിന് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വിലയാണ് നൽകുന്നത്. റബ്ബറുമായി ബന്ധപ്പെട്ട് റബ്ബർ ഉൽപ്പാദന ഇൻസെന്റീവ് സ്കീം നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം കാര്യക്ഷമമായി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിൽ നിൽക്കുന്ന അവസരത്തിലും ആർ.പി.ഐ. സ്കീം മുഖേന കഴിഞ്ഞവർഷം റബ്ബറിന്റെ കാര്യത്തിൽ 150 കോടി രൂപ ഉൾപ്പെടെ 2054 കോടി രൂപ സർക്കാർ റബ്ബർ കർഷകർക്ക് ഇൻസെന്റീവായി നൽകിയിട്ടുണ്ട്. നെല്ലിന് കിലോഗ്രാമിന് 28 രൂപ 20 പൈസയും മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 11,160 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 12,000 രൂപയും പച്ച തേങ്ങയ്ക്ക് കിലോഗ്രാമിന് 34 രൂപയുമാണ് ഇപ്പോൾ സംഭരണം നടത്തുന്നത്. ഈ

സംഭരണ പ്രവർത്തനങ്ങൾവഴി വിപണിയിലെ വിലത്തകർച്ചയിൽനിന്നും ഈ വിളകളെയെല്ലാം സംരക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. രാജ്യത്ത് ആദ്യമായി 16 ഇനം പഴം, പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയച്ച് സംഭരിക്കുന്ന സംസ്ഥാനമാണ് കേരളം. സുഗന്ധവ്യഞ്ജനങ്ങളുടെ കാര്യത്തിൽ കുറഞ്ഞ താങ്ങുവില നടപ്പാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയെങ്കിലും അനുകൂലമായ നടപടി ഇതുവരെയും ഉണ്ടായിട്ടില്ല. ഉൽപ്പാദനത്തിലും പരിരക്ഷയിലും കേരള സർക്കാർ നടത്തുന്ന ഇടപെടലുകൾ ഈ മേഖലയിലുള്ള കർഷകർക്ക് നല്ല പിന്തുണയാകുന്നുണ്ട്. നെൽകൃഷി, നാളികേര കൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും പ്രഥമ പരിഗണനയും പിന്തുണയും സബ്സിഡികളും നൽകുന്നുണ്ട്. നെൽകൃഷിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 95.1 കോടി രൂപയാണ് വകയിരുത്തിയത്. നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ 68.95 കോടി രൂപയും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ 77.2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ വരുമാന വർദ്ധനവെന്നത് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള കാര്യം

തന്നെയാണ്. കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കാനായി വിവിധ പ്രവർത്തനങ്ങൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. കർഷകരുടെ കൂട്ടായ്മ സൃഷ്ടിക്കുകയെന്നത് മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി കൃഷിക്കൂട്ടങ്ങളും കൃഷിക്കൂട്ടങ്ങൾ ചേർന്നുള്ള എഫ്.പി.ഒ.-കളും രൂപീകൃതമായിട്ടുണ്ട്. വിപണിയെയും വിപണി വിലയെയും വിലയിരുത്തിക്കൊണ്ട് ഉൽപ്പാദനം നിശ്ചയിക്കാനും അധിക ഉൽപ്പാദനം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനും എഫ്.പി.ഒ.-കൾക്ക് ഇപ്പോൾ സാധ്യമാകുന്നുണ്ട്. കാർഷിക മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കാൻ ഈ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾവഴി സാധിക്കുന്നുണ്ട്. എഫ്.പി.ഒ., കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവയ്ക്ക് മൂല്യവർദ്ധിത മേഖലയിൽ ഇടപെടുന്നതിനാവശ്യമായ ഉപദേശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കുള്ള ദേശീയ, അന്തർദേശീയ വിപണി തുടങ്ങിയവ ലഭ്യമാക്കാൻ കർഷകർക്കും കർഷകരുടെ കൂട്ടായ്മകൾക്കും പൊതുജനങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഓഹരി പങ്കാളിത്തമുള്ള കേരള അഗ്രോ ബിസിനസ്സ് കമ്പിനി (കാബ്കോ)യും കേരളത്തിൽ ആദ്യമായി

രൂപീകൃതമായിട്ടുണ്ട്. പ്രസ്തുത കമ്പനി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതോടെ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ദേശീയ, അന്തർദേശീയ വിപണി കണ്ടെത്താനും കർഷകരുടെ വരുമാനം ഉയർത്താനും സാധിക്കും. മേൽനടപടികളിലൂടെ കേരളത്തിലെ കർഷകരുടെ വരുമാനവർദ്ധനവിൽ ഇടപെടുന്നതോടൊപ്പം ആവശ്യമായി വരുന്ന സബ്സിഡികൾ ഉൾപ്പെടെയുള്ള മറ്റ് പിന്തുണകളും നൽകി കർഷകരെ സഹായിക്കുന്നുണ്ട്. കർഷകർക്ക് നേരിട്ട് സബ്സിഡി നൽകാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ബില്ലിൽ സൂചിപ്പിച്ചിട്ടുള്ളത്. അതെല്ലാം ഞാൻ നേരത്തെ പറഞ്ഞതുപോലെ നടപ്പാക്കുന്ന കാര്യങ്ങളാണ്. വിപണനവുമായി ബന്ധപ്പെട്ട് വിപണി ഏകോപിക്കണമെന്ന് ബില്ലിൽ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു, അതും ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യമാണ്. കർഷകന് ന്യായമായ വില ലഭ്യമാക്കുകയെന്ന തരത്തിലാണ് ഇക്കാര്യങ്ങൾ ചെയ്തിട്ടുള്ളത്. കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയെന്നതും ആഴ്ച ചന്തകളുടെയും കാര്യങ്ങളെ സംബന്ധിച്ചും പറയുന്നുണ്ട്. ഇത്തരത്തിൽ ഏകദേശം അഞ്ഞൂറ്റി

അൻപതോളം സംഭരിക്കുന്ന സംവിധാനങ്ങളും VFPCK, PACS -കളുടെ സംവിധാനങ്ങളെല്ലാം എല്ലാം ഇപ്പോൾ ഉണ്ട്. ഇത് വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചുകൊണ്ടിരിക്കുന്നത്. താങ്ങുവില ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ 16 ഇനം പഴം, പച്ചക്കറി എന്നിവയുടെ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറഞ്ഞു. അടിസ്ഥാന വില നിശ്ചയിക്കുന്നതും അടിസ്ഥാന വില കാലാകാലങ്ങളിൽ പുതുക്കുന്നതിനെ സംബന്ധിച്ചും ഇതിൽ പറയുന്നുണ്ട്. അതിനെല്ലാം സ്പൈസസ് ബോർഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് വിലയുടെ കാര്യത്തിൽ വിപണി അല്ലെങ്കിൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കുറവ് നേരിടുന്ന അവസരങ്ങളിലെല്ലാം കൃത്യമായി ഇടപെടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങളിലെല്ലാം കാലതാമസമുണ്ടാകാതെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുൾപ്പെടെ ഇതിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കർഷകരുടെ കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുത്ത് ചെയ്യേണ്ടതാണെന്നുള്ളതുകൊണ്ട് കൂടുതലായി ഇതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുവേണ്ടി വാല്യൂ

ആഡഡ് അഗ്രികൾച്ചറൽ മിഷനും കേരള അഗ്രോ ബിസിനസ്സ് കമ്പനിയും കൃഷിക്കൂട്ടങ്ങളും അതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് സംരംഭകർ ആകുന്നതിനൊക്കെയുള്ള പുതിയ തരത്തിലുള്ള ഇടപെടലുകൾകൂടി നടപ്പാക്കികൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ആ സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന്റെ ആവശ്യകതയില്ല. അതുകൊണ്ട് ഇതിന് അവതരണാനുമതി നൽകേണ്ടതില്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നമ്മുടെ നാട്ടിലെ കർഷകരുടെ സ്ഥിതി അതിദയനീയമാണ്. കാർഷിക പ്രശ്നങ്ങളും കർഷകരുടെ വിഷയങ്ങളും ശരിയായ രീതിയിൽ ചർച്ചയ്ക്കെടുക്കാൻപോലും നമ്മുടെ നാട്ടിൽ ആരും തയ്യാറാകുന്നില്ലെന്നതാണ് വസ്തുത. കർഷകരുടെ യഥാർത്ഥ സ്ഥിതി വിലയിരുത്തുന്നതിൽ ഭരണകൂടങ്ങൾപോലും പരാജയപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കാർഷികമേഖലയിൽ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പച്ചക്കറി, നാളികേരം, നെല്ല് എന്നിവയുടെ സംഭരണത്തെക്കുറിച്ചെല്ലാം പറഞ്ഞു. ഇത് എത്രമാത്രം നടക്കുന്നുവെന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്.

എപ്പോഴെങ്കിലുമൊരിക്കൽ, വെളുത്തവാവിനോ കറുത്തവാവിനോ കുറച്ച് പച്ചക്കറികൾ സംഭരിച്ചുവെന്നതുകൊണ്ട് നാട്ടിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരൊക്കെ രക്ഷപ്പെട്ടുമെന്നാണോ വിചാരം. അതുപോലെ ആണ്ടിലൊരിക്കൽ നാളികേരത്തിന്റെ സംഭരണം നടന്നാൽ മതിയോ; നെല്ല് സംഭരിക്കുന്നുണ്ടെന്ന് പറഞ്ഞതുകൊണ്ട് കാര്യങ്ങൾ അവസാനിക്കുമോ; റബ്ബറിന്റെ സംഭരണത്തിനുവേണ്ടി നീക്കിവച്ച തുകപോലും നമുക്ക് പൂർണ്ണമായി നൽകാൻ കഴിയുന്നുണ്ടോ; ഈ വസ്തുതകളൊക്കെ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. കർഷകരുടെ ഈ ദയനീയാവസ്ഥ കാരണമാണ് പുതിയ തലമുറ ചെറുപ്പക്കാർ കാർഷിക രംഗത്തേയ്ക്ക് കടന്നുവരാതിരിക്കുന്നത്. ഒരുകാലത്ത് നമ്മുടെ നാടിനെ ജീവിപ്പിച്ചതും നാട്ടിലെ എല്ലാ സംരംഭങ്ങളും വിജയിപ്പിച്ചതും നാട്ടിൽ അത്യാവശ്യം മെച്ചപ്പെട്ട ജീവിതം നയിച്ചിരുന്നതും കർഷകരാണ്. എന്നാൽ ഇന്ന് നമ്മൾ ആ കർഷകരെക്കുറിച്ച് ചിന്തിക്കാൻ എത്രമാത്രമാണ് തയ്യാറാകുന്നത്? നാട്ടിൽ അമ്പലങ്ങളും പള്ളികളും ഉയർന്നതിലും നേർച്ചകളും പൂരങ്ങളും ആഘോഷങ്ങളും നടത്തിയതിലും മുമ്പിലുണ്ടായിരുന്നത് കർഷകരാണ്. രാഷ്ട്രീയ പാർട്ടികൾ സംഭാവനയ്ക്കായി

പോയിരുന്നത് കർഷകരുടെ മുമ്പിലേയ്ക്കാണ്. പുതിയ പ്രമാണിമാരും ആളുകളുമൊക്കെയുള്ള കാലഘട്ടമാണിതെന്ന് എനിക്കറിയാം. എന്നാൽ കർഷകർ അധഃപതനത്തിലേയ്ക്ക് നീങ്ങിയത് എന്തുകൊണ്ടെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. കർഷകർ നടത്തുന്ന സേവനങ്ങളുടെ വലിപ്പം നമ്മൾ തിരിച്ചറിയണം. ഈ ഹാളിനകത്ത് ഈ അസംബ്ലിക്കുവേണ്ടി സേവനം ചെയ്യുന്ന ജീവനക്കാരുണ്ട്. ഇതിനകത്തുള്ള കാര്യങ്ങളേ അവർക്ക് ചെയ്യേണ്ടതുള്ളൂ. ആരോഗ്യമേഖലയിലും തൊഴിൽരംഗത്തും വിദ്യാഭ്യാസ രംഗത്തും സേവനം ചെയ്യുന്ന ആളുകളുണ്ട്. അവർക്കൊക്കെ ഒരുതലം വരയുള്ള കാര്യങ്ങളേ ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമുള്ളൂ. എന്നാൽ അതിനേക്കാൾ വിപുലപ്പെട്ട ഉത്തരവാദിത്വവും ഗൗരവമേറിയ ചുമതലയുമാണ് നാട്ടിലെ കർഷകർ ചെയ്യുന്നതെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കണം. നാടൊന്നിച്ച് ആദരിക്കേണ്ടൊരു വിഭാഗവും സേവന മേഖലയുമാണ് കാർഷിക രംഗം. നമ്മുടെ ജീവിതത്തിനുമാത്രമല്ല, ഈ പരിസ്ഥിതിയുടെ സംരക്ഷണത്തിനും മുഴുവൻ ജീവജാലങ്ങളുടെ നിലനിൽപ്പിനും കർഷകരുടെ അധ്വാനം പ്രധാനമാണ്. കർഷകർ ചേറ്റിലിറങ്ങിയാലേ നമുക്ക് ചോറ്റിൽ

കൈവയ്ക്കാൻ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കർഷകരെ എങ്ങനെ സഹായിച്ചുവെന്നാണ് പറയുന്നത്? കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കാനല്ലേ നമ്മൾ ശ്രമിക്കുന്നത്; കഴിഞ്ഞദിവസം കേന്ദ്ര ഗവൺമെന്റ് നെൽകർഷകർക്കുള്ള സംഭരണ വില വർദ്ധിപ്പിച്ചുവെന്ന് പത്രങ്ങളിലൂടെ നമ്മളറിഞ്ഞു. എല്ലാവർഷവും ഇത് ചെയ്യുന്നുണ്ട്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ നെൽകർഷകർക്ക് അല്ലെങ്കിൽ ഒരുവിഭാഗം കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ചുരുക്കിച്ചുരുക്കി കൊണ്ടുവരുന്ന ഒരൊറ്റ സർക്കാരേയുള്ളൂ ഇന്ത്യയിൽ, അത് കേരളത്തിലെ നമ്മുടെ ഈ സർക്കാരാണ്. 2020, 2021, 2022 വർഷങ്ങളിൽ നെൽകർഷകർക്ക് നൽകിയിരുന്ന ഇൻസെന്റീവിൽനിന്നും 40 രൂപ ബജറ്റിലൂടെ കുറച്ചു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, അവാസ്തവമായ കാര്യങ്ങൾ ഇത്തരം സഭകളിൽ ഉന്നയിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. കാരണം ഇന്ത്യാ രാജ്യത്ത് നെല്ലിന് ഏറ്റവും കൂടുതൽ വില നൽകുന്ന ഏകസംസ്ഥാനം കേരളമാണ്. ഒരു കിലോ നെല്ലിന് 28.20 രൂപ നൽകുന്ന ഏതെങ്കിലുമൊരു സംസ്ഥാനം ഇന്ത്യാ രാജ്യത്തുണ്ടോയെന്ന് താങ്കൾ ഈ ചർച്ചയുടെ ഭാഗമായി

ചൂണ്ടിക്കാണിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആ സ്റ്റേറ്റ്മെന്റ് പിൻവലിക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ആ സ്റ്റേറ്റ്മെന്റ് ഞാൻ ഒന്നുകൂടി അടിവരയിടുന്നു. ഞാൻ വിശദീകരിച്ചുപറയാം, അങ്ങ് കേൾക്കാനിരിക്കണം. 2021-22-ൽ നാം നൽകിയിരുന്ന ഇൻസെന്റീവിൽനിന്നും 40 പൈസ ആദ്യമായി വെട്ടിക്കുറച്ചു. പിന്നീട് 2022-23 ൽ 20 പൈസ വർദ്ധിപ്പിക്കുന്നുവെന്ന് നമ്മൾ പ്രചാരണം നടത്തി. 2022-23 വർഷത്തിൽ കേന്ദ്രം ഒരുരൂപ അധികമായി നെല്ലിന് നൽകാൻ തീരുമാനിച്ചു. ആ വില ഇവിടെ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചില്ല. ഇവിടത്തെ ഇൻസെന്റീവിൽ അത് കുറച്ചു. 2023-24-ൽ 1 രൂപ 43 പൈസ കേന്ദ്രം വർദ്ധിപ്പിച്ചു. അതിവിടത്തെ ഇൻസെന്റീവിൽനിന്നും വീണ്ടും കുറവുവരുത്തി. ഈ വർഷം ഒരുകിലോ നെല്ലിന് 117 പൈസ വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങൾ കുറയ്ക്കുമോ അത് കർഷകർക്ക് തിരിച്ചുകൊടുക്കുമോ എന്ന് അറിയേണ്ടതുണ്ട്. ഇതാണ് ഇവിടത്തെ സേവനം. നിങ്ങൾ കാര്യങ്ങൾ ചെയ്യുന്നതിന്റെ കോലം ഞാൻ പറയാം...... ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞ സംഭരണം ഈ രീതിയിലാണ്

നടക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർഷകരുടെ സേവനങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. കേരളത്തിന്റെ വലിയ സേവനരംഗമായി കർഷകരെ നമ്മൾ കാണണം. നമ്മളെ ജീവിപ്പിക്കുന്നതിനും ജീവജാലങ്ങളെ നിലനിർത്തികൊണ്ട് പോകുന്നതിനും കർഷകർ അധ്വാനിക്കുകയാണ്. നമ്മുടെ കാർഷികോല്പന്നങ്ങൾക്ക് മതിയായ വില കിട്ടാത്തതുകൊണ്ട് ഈ മേഖലയിൽനിന്നും കർഷകർ പിന്തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. 8 വർഷംമുമ്പ് നാളികേരത്തിന് കിട്ടിയിരുന്ന വിലയുടെ പകുതിയേ ഇന്ന് കിട്ടുന്നുള്ളൂവെന്ന് നമ്മളോർക്കണം. 18 വർഷം മുമ്പ് കുരുമുളകിന് കിട്ടിയിരുന്ന വില ഇപ്പോൾ മൂന്നിലൊന്നായി ചുരുങ്ങി.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അങ്ങ് ചർച്ച തുടരുകയാണോ അവസാനിപ്പിക്കുകയാണോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയെങ്കിൽ ചർച്ച കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, രണ്ടുമിനിട്ട്... അതുപോലെ 242 രൂപയ്ക്ക് റബ്ബർ വിറ്റ കേരളം, ഇപ്പോൾ അതിന്റെ വില 200 രൂപയോട് അടുത്തു. 82

രൂപയിലേയ്ക്ക് എത്തിയൊരു കാലഘട്ടവുമുണ്ടായിരുന്നു. ഈ കർഷകന്റെ അവസ്ഥയൊന്ന് ആലോചിച്ച് നോക്കൂ. ഇവിടെ നമുക്കെല്ലാവർക്കും ജനങ്ങൾക്കും ജീവിത ചെലവ് വർദ്ധിച്ചുവരികയാണ്. അത് കർഷകർക്കുമുണ്ട്. നാൽപ്പത്-അമ്പത് വർഷങ്ങൾക്കുമുമ്പ് നമ്മുടെ ജീവനക്കാർക്ക് ലഭിച്ചിരുന്ന ശമ്പളത്തിന്റെ നാലോ അഞ്ചോ ഇരട്ടിയാണ് ഇന്നവർ ശമ്പളമായി കൈപ്പറ്റുന്നത്. അവരുടെ ജീവിതച്ചെലവും അതുപോലെ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അത്രയും കാലംമുമ്പ് കർഷകർക്ക് കിട്ടിയിരുന്ന വരുമാനം അഞ്ചിലൊന്നായി ചുരുങ്ങിപ്പോയി എന്നതാണ് വസ്തുത. ഇത്തരം ദയനീയ സാഹചര്യത്തിൽനിന്നും കർഷകരെ സംരക്ഷിക്കണമെങ്കിൽ കാർഷികോല്പന്നങ്ങൾ മതിയായ വില നൽകി സംഭരിക്കാൻ സന്നദ്ധമാകണം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് 150 ശതമാനം വില നിശ്ചയിച്ച് സംഭരിക്കാൻ സംവിധാനമുണ്ടാക്കുമെന്ന് ഈ സർക്കാർ ജനങ്ങളോട് പറഞ്ഞതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അദ്ദേഹത്തിന് സംസാരിക്കാൻ സമയം നൽകണം..... (മൈക്ക് ഓഫ്)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ്......ശ്രീ. എൻ. ഷംസുദ്ദീൻ ഇരിക്കു... അംഗത്തിനും മന്ത്രിക്കും ഉൾപ്പെടെയാണ് 12 മിനിട്ട് സമയം. ബഹുമാനപ്പെട്ട മന്ത്രി 4 മിനിട്ട് സംസാരിച്ചു. ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങ് ഈ ബില്ലിന്മേലുള്ള ചർച്ച അവസാനിപ്പിക്കുകയാണെങ്കിൽ തുടരാം. തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണെങ്കിൽ ഈ ബിൽ ചർച്ച ചെയ്യാൻ ഇനിയും അവസരം ലഭിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് പൂർത്തിയാക്കാം. ഉല്പാദനച്ചെലവിന്റെ 150 ശതമാനം വില നിശ്ചയിച്ച് മുഴുവൻ കാർഷികോല്പന്നങ്ങളും സംഭരിക്കാൻ സംവിധാനമുണ്ടാക്കുമെന്നാണ് 2014-ൽ കേന്ദ്ര സർക്കാരും 2016-ൽ സംസ്ഥാന സർക്കാരും ജനങ്ങളോട് പറഞ്ഞത്. ഇത് രണ്ടും നടന്നിട്ടില്ലെന്നതാണ് വസ്തുത. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുക നൽകി നെല്ല് സംഭരിക്കുന്നത് ഇവിടെയാണെന്ന് അറിയാമോയെന്ന് പ്രിയങ്കരനായ ഒരംഗം ചോദിച്ചു. അത് എനിക്ക് രണ്ടുവട്ടം അറിയാം.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കർഷകർക്ക് ചെലവാകുന്ന കൃഷി ചെലവിന്റെ മൂന്നിരട്ടി തുക ഇവിടെ ചെലവാകുന്നുവെന്ന വസ്തുത അങ്ങേയ്ക്ക് അറിയാമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ആ ചെലവ് നികത്താനുള്ള തുക ഈ വിറ്റുവരവിൽനിന്നാണ് കിട്ടേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.....തുടർചർച്ചയിൽ അങ്ങേയ്ക്ക് ഇനിയും സംസാരിക്കാൻ അവസരം ലഭിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ അവസാനിപ്പിക്കാം. കാർഷികോല്പന്നങ്ങളുടെ വിലയിൽനിന്നാണ് ഇത് നികത്തേണ്ടത്. കർഷകർ ജീവിക്കണം, അവരുടെ ആവശ്യങ്ങൾ നിറവേറ്റണം. അതിനുവേണ്ട മതിയായ വില നിശ്ചയിച്ച്, സർക്കാർ പ്രഖ്യാപിച്ചതുപോലെ 150 ശതമാനം വില നിശ്ചയിച്ചുകൊണ്ട് മുഴുവൻ കാർഷികോല്പന്നങ്ങളും സംഭരിക്കാനുള്ള പ്രഖ്യാപിത പരിപാടി നടപ്പിലാക്കാൻ തയ്യാറാകേണ്ടതുണ്ട്. ഈ ബില്ലിന് തുടർ ചർച്ചയ്ക്കുള്ള അവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചുരുക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച:

(i) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപെക്സ് കൗൺസിൽ രൂപീകരണ ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക 2021 ആഗസ്റ്റ് മാസം 6-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീമതി ഒ. എസ്. അംബികയ്ക്ക് ചർച്ച തുടരാവുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, 2021-ലെ സംസ്ഥാന ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപെക്സ് കൗൺസിൽ രൂപീകരണ ബില്ലിലെ തുടർ ചർച്ചയാണ്. സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മികച്ച പ്രവർത്തനമാണ് നടത്തുന്നത്. എന്നാൽ ഇവ തമ്മിൽ ഏകോപനമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്.

സമീപപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ടൂറിസം കേന്ദ്രങ്ങളെ ഏകോപിപ്പിക്കാൻ ഇതിനാൽ സാധിക്കുന്നില്ല. സമീപത്തെ ടൂറിസം കേന്ദ്രങ്ങൾ ക്രമീകരിച്ച് ടൂറിസം സർക്യൂട്ടുകൾ സ്ഥാപിക്കാനും ജീവനക്കാർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കാനും അടിസ്ഥാന സൗകര്യ വികസനത്തിനും അപെക്സ് കൗൺസിലുകൾ സഹായകരമായി വരും. സമഗ്രവും ഏകോപിതവുമായ സംവിധാനത്തിലൂടെ സംസ്ഥാന ടൂറിസം വികസനത്തിനുള്ള വലിയ സാധ്യതകൾ ഏകോപനത്തിലൂടെ യാഥാർത്ഥ്യമാക്കാനാകും. വിശാലമായ കാഴ്ചപ്പാടും വലിയ സ്വപ്നങ്ങളും ടൂറിസം മേഖലയ്ക്ക് ഇതിലൂടെ കണ്ടെത്താനാകും. ഒരു ജില്ലയിലെ മികച്ച ജീവനക്കാരെ മറ്റ് ജില്ലയിലും സേവനത്തിനായി നിയോഗിക്കാനാകും. പ്രൊഫഷണൽ നിലവാരം ഉയർത്താനും ദീർഘകാലാടിസ്ഥാനത്തിൽ ഗുണപരവും ടൂറിസത്തിന്റെ സർവ്വമേഖലകളിലും വളർച്ചയ്ക്ക് സഹായിക്കുന്നതുമായ നിലപാടുകൾ രൂപീകരിക്കാൻ ശേഷിയുള്ളവരുമായ വ്യക്തിത്വങ്ങളെ ഈ പദ്ധതി തയ്യാറാക്കാൻ ചുമതലപ്പെടുത്താനും ഇതിലൂടെ സാധിക്കും. ജില്ലാതലത്തിൽ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിലൂടെയുണ്ടാകുന്ന പരിമിതികളെ

അതിജീവിക്കാനും ഒരു പുതിയ ടൂറിസം സംസ്കാരത്തിനെ പിന്തുണ നൽകാനും ഇതിലൂടെ സാധിക്കും. നിലവിലെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഇപ്പോഴും ശൈശവദശയിലാണ്. ജീവനക്കാരുടെ സേവന വ്യവസ്ഥ പല ജില്ലകളിലും വ്യത്യസ്തമാണ്. ഇത് ജീവനക്കാരിൽ അരക്ഷിത ബോധമുണ്ടാക്കുന്നുണ്ട്. ഏകോപനമുണ്ടാക്കുകയും അപെക്സ് കൗൺസിൽ രൂപീകരിക്കുകയും ചെയ്താൽ ഇത് പരിഹരിക്കാൻ സാധിക്കും. എല്ലാ ഡി.ടി.പി.സി.-യിലും ജില്ലാതല മോണിറ്ററിംഗ് സംവിധാനത്തിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ഏകോപനമില്ലാത്തതും പല മോണിറ്ററിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം സജീവമല്ലാത്തതും ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ബിൽ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതിനായി സമർപ്പിക്കുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പ്രാദേശികതലത്തിൽ ഏകോപനം

സാധ്യമാക്കുന്നതിനും വേണ്ടിയാണ് 28-07-1988-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നിലവിൽ വന്നത്. എല്ലാ ജില്ലയിലും അതത് ജില്ലാ കളക്ടറുടെ അധ്യക്ഷതയിലാണ് 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടുപ്രകാരം ഡി.ടി.പി.സി.-കൾ രജിസ്റ്റർ ചെയ്യപ്പെട്ടത്. കൗൺസിൽ രൂപീകരിച്ച ഉത്തരവിനൊപ്പംതന്നെ മാതൃകാ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും നിയമാവലിയും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതിൽനിന്നും വ്യത്യസ്തമായ മെമ്മോറാണ്ടവും നിയമാവലിയും സഹിതമാണ് പല ജില്ലകളും ഡി.ടി.പി.സി.-കൾ രജിസ്റ്റർ ചെയ്യപ്പെട്ടത്. അതാണ് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച ജീവനക്കാരുടെ ഘടന, സേവന-വേതന വ്യവസ്ഥകൾ എന്നിവ വ്യത്യസ്തമാകുന്നതിനുള്ള കാരണം. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഡി.ടി.പി.സി.-കളുടെ ഏകോപന സമിതിയെന്ന നിലയിൽ 1991-ൽ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാന ടൂറിസം പ്രൊമോഷൻ കൗൺസിൽ (എസ്.ടി.പി.സി.) രൂപീകൃതമായെങ്കിലും ഇക്കാര്യത്തിൽ തുടർനടപടിയൊന്നും ഉണ്ടായിരുന്നില്ല. ജില്ലതോറും ഡി.ടി.പി.സി.-കൾക്ക് രൂപം നൽകിയ 1988-ലും

എസ്.ടി.പി.സി. രൂപീകരിച്ച 1991-ലുമൊന്നും വിനോദസഞ്ചാര വകുപ്പിൽ ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനമുണ്ടായിരുന്നില്ല. എന്നാൽ പിൽക്കാലത്ത് വിനോദസഞ്ചാര വകുപ്പിന് കീഴിൽതന്നെ ജില്ലതോറും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും മേഖലാതലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ജോയിന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ പൂർണ്ണതോതിലുള്ള ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു. ഇതോടെ വിനോദസഞ്ചാര മേഖലയിൽ ഒട്ടേറെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ നമ്മൾ പര്യാപ്തത നേടി. നിലവിൽ ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിലുള്ള 14 ഡി.ടി.പി.സി.-കളും സ്വയംഭരണ സ്ഥാപനങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ 14 ഡി.ടി.പി.സി.-കളിലെയും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകൃതമാക്കുന്നതിനുവേണ്ടി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കരട് ചട്ടങ്ങൾ തയ്യാറായിട്ടുമുണ്ട്. അതുകൂടാതെ വളരെ പ്രധാനപ്പെട്ട കാര്യം, അതത് ജില്ലയുടെ പരിധി നിശ്ചയിച്ചുകൊണ്ടാണ് ഓരോ ഡി.ടി.പി.സി.-യും രജിസ്റ്റർ

ചെയ്തിട്ടുള്ളത്. അതിനാൽ സംസ്ഥാന തലത്തിൽ എസ്.ടി.പി.സി. രൂപീകരിക്കാൻ 14 ഡി.ടി.പി.സി.-കളുടെയും ഭരണസമിതികളുടെ അഭിപ്രായ സമന്വയം അനിവാര്യമായി വരും. ഒന്നിലേറെ ഡി.ടി.പി.സി.-കളുടെ ഏകോപനം ആവശ്യമായി വരുന്ന പദ്ധതികളിൽ (ഒരു ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് വ്യാപിക്കുന്ന നിലയിലുള്ളത്).... സാധാരണ ഒരു ഡി.ടി.പി.സി. അത്തരമൊരു പദ്ധതി ആവിഷ്കരിക്കുകയില്ല. കാരണം ആ ജില്ലയെ കേന്ദ്രീകരിച്ചുകൊണ്ട്, പരിധി നിശ്ചയിച്ചുകൊണ്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഏകോപനം ആവശ്യമായി വരുന്ന പദ്ധതികളിൽ ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജോയിന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ ഏകോപനത്തിന് സാധ്യത നിലനിൽക്കുന്നുണ്ട്. അതിന് ഡയറക്ടറേറ്റും സുസജ്ജമാണ്. മാത്രമല്ല, ഈ ബില്ലിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ ലോക്സഭാ-നിയമസഭാംഗങ്ങൾ അംഗങ്ങളായി വരുന്ന അപെക്സ് കൗൺസിലിന്റെ അതേ ഘടനയാണ് നിലവിൽ ഡി.ടി.പി.സി.-കളുടെ ഭരണസമിതി രൂപീകരണത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക, അങ്ങ് ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ചസംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ്, 2021 ആഗസ്റ്റ് 6-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീ. ടി. ജെ. വിനോദിന് ചർച്ച തുടരാവുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, കേരളത്തിലെ ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ തൊഴിലാളികളുടെ പ്രശ്നം വളരെ ഗുരുതരമാണ്. അവർ അസംഘടിത തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടുതന്നെ അവർക്ക് ഒരു ക്ഷേമനിധിയുണ്ടാക്കി അവരുടെ ജീവിതത്തിന് അഭിവൃദ്ധിയുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ ബില്ലിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. കേരളത്തിലെ പൊതുപ്രവർത്തകരായ നമ്മൾ, നിരന്തരം ബന്ധപ്പെടുന്ന ഒരു വിഭാഗമാണ് ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ. പൊതുപ്രവർത്തകരായ നമ്മളെ സംബന്ധിച്ച് അവരെ ഒഴിവാക്കി ഒരു പ്രവൃത്തിയും ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. കേരളത്തിൽ ഇന്ന് ഈ മേഖലയിൽ ഇരുപത്തി അയ്യായിരത്തോളം സംരംഭകരുണ്ട്. അതിൽ വൻകിടക്കാർ, ചെറുകിടക്കാർ, മധ്യവർത്തികൾ എന്നിങ്ങനെ വിവിധ മേഖലയിലുള്ളവരുണ്ട്. അവർക്ക് ഒരു സ്ഥിര വരുമാനമില്ല. അവരുടെ വരുമാനം സീസണലാണ്. നേരിട്ടും അല്ലാതെയും അവരെ ആശ്രയിച്ച് ഏകദേശം രണ്ടരലക്ഷത്തിനും മൂന്ന് ലക്ഷത്തിനുമിടയിലുള്ള തൊഴിലാളികൾ

പ്രവർത്തിക്കുന്നുണ്ട്. ഒരു സീസണിൽ ഒരു സംരംഭകന്റെ കൂടെ വർക്ക് ചെയ്താൽ അടുത്ത സീസണിൽ വേറൊരു സംരംഭകന്റെ കൂടെയായിരിക്കും വർക്ക് ചെയ്യുന്നത്. അവരുടെ തൊഴിലിന് സുരക്ഷയും സംരക്ഷണവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതിൽ ഒരിക്കലും അവരെ തെറ്റുപറയാൻ സാധിക്കില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവർ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരാണെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രി അന്ന് നൽകിയ മറുപടിയിൽ 1960-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ ഇവർ അംഗങ്ങളാണ് എന്നാണ് പറഞ്ഞത്. കഴിഞ്ഞ കോവിഡ് സമയത്ത് ജീവിക്കാൻ മാർഗ്ഗമില്ലാതെ നാലഞ്ച് തൊഴിലാളികൾ ആത്മഹത്യ ചെയ്യേണ്ടിവന്ന ഒരു സംസ്ഥാനമാണ് നമ്മുടേതെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് അറിയാം. നമുക്ക് അവരെ കാര്യമായി സഹായിക്കാനായില്ല. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായാൽ ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നെങ്കിലും ഒരു ആനുകൂല്യവും അവർക്ക് ലഭിക്കാനുള്ള സാഹചര്യമുണ്ടായില്ല. കാരണം, അംശദായം അടച്ച് ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന കാര്യം അവർക്ക്

അറിയില്ലായിരുന്നു. അറിഞ്ഞിട്ടും അത് ചെയ്യാത്തതാണോയെന്ന് അറിയില്ല. അവരെ സംബന്ധിച്ച് വളരെ ദുരിതപൂർണ്ണമായ സാഹചര്യമാണുണ്ടായിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പൊതുപ്രവർത്തകരുമായി വളരെ അടുത്ത് പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ തൊഴിലാളികൾ. ഏറ്റവും കൂടുതൽ ക്ഷേമനിധികൾ നമ്മുടെ സംസ്ഥാനമായ കേരളത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഇരുപത്തിയൊൻപതോളം ക്ഷേമനിധി ബില്ലുകൾ പാസ്സാക്കിയിട്ടുള്ള സഭയാണിത്. പതിനാറോളം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്ന സംസ്ഥാനമാണിതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞു. ഇവിടെ ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്ന ക്ഷേമനിധി ബോർഡുണ്ട്. രണ്ടായിരത്തിലധികം തൊഴിലാളികളുള്ള അവർക്കും ഒരു ക്ഷേമനിധി ബോർഡുണ്ട്. എന്നാൽ ഇത്രയും വിപുലമായ അസംഘടിതരായ മൂന്ന് ലക്ഷത്തോളം തൊഴിലാളികളുള്ള ലൈറ്റ് ആൻഡ് സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി എന്തുകൊണ്ട് ഒരു ക്ഷേമനിധി രൂപീകരിക്കാൻ സാധിക്കില്ലെന്നാണ് എനിക്ക്

പ്രധാനമായും ചോദിക്കാനുള്ളത്. വളരെ അപകടകരവും അധ്വാനം നിറഞ്ഞതും രാവും പകലും മഞ്ഞും വെയിലുമെല്ലാം കൊണ്ട് കഷ്ടപ്പെടുന്ന ഒരു വിഭാഗം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ഒരിക്കലും ഒരു സ്ഥാപനത്തിൽ സ്ഥിരമായി ജോലി ചെയ്യാൻ ഇവർക്ക് സാധിക്കില്ല. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുണ്ട്. അതിനാൽ ഉടമയുടെ ശിപാർശയില്ലാതെ നേരിട്ട് ക്ഷേമനിധിയിൽ അംഗമാകുന്നതിനോ ക്ഷേമനിധി നടപ്പാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പലപ്പോഴും അവർക്ക് സാധിക്കാറില്ലായെന്നതാണ് യാഥാർത്ഥ്യം.

ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലെ തൊഴിലാളികൾ ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. തൊഴിൽ മേഖലയെ ബാധിക്കുന്ന അശാസ്ത്രീയ നിയമങ്ങൾ ഒരു കാരണമാണ്. രാത്രി 10 മണി കഴിഞ്ഞാൽ മൈക്ക് ഉപയോഗിക്കാൻ പാടില്ലെന്നാണ് പോലീസ് പറയുന്നത്. അത് സ്വാഭാവികമായും ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കും. മുമ്പ് വാഹനങ്ങളിൽ മൈക്ക് കെട്ടി കൊമേഴ്സ്യൽ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ ചെയ്യുന്നതിന് തടസ്സമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അതിന് പൊല്യൂഷൻ

കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധനയുണ്ട്. അതിനാൽ അവർക്ക് കൊമേഴ്സ്യൽ സ്ഥാപനങ്ങളുടെ പരസ്യം ചെയ്യാനുള്ള തടസ്സം വളരെ ഗുരുതരമായി നിൽക്കുകയാണ്. ആ മേഖലയിൽ അവർക്ക് കിട്ടിക്കൊണ്ടിരുന്ന വരുമാനവും ഇപ്പോൾ നിലച്ചിരിക്കുകയാണ്. അതുപോലെ പ്രൈവറ്റ് വാഹനങ്ങളിൽ ജനറേറ്ററുകൾ ഘടിപ്പിച്ച് പ്രവർത്തിക്കാനുള്ള അവസരമുണ്ടായിരുന്നു. ടാക്സി പെർമിറ്റുള്ള വാഹനങ്ങളിൽ മാത്രമേ ജനറേറ്ററുകൾ ഘടിപ്പിക്കാൻ പാടുള്ളൂ എന്ന നിബന്ധന വന്നതിനെത്തുടർന്ന് ഒരുപാട് സാമ്പത്തിക ബാധ്യത ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾക്കുണ്ടായിരിക്കുന്നു. കാലാകാലങ്ങളിൽ വരുന്ന പുതിയ നിയമങ്ങളും നടപടിക്രമങ്ങളും ഈ മേഖലയിലെ ജനങ്ങളെ വല്ലാത്ത രീതിയിലുള്ള പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇപ്പോൾ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ വലിയ ഇൻവെസ്റ്റ്മെന്റാണ് വേണ്ടിവരുന്നത്. സാധാരണരീതിയിലുള്ള ലൈറ്റ് ആൻഡ് സൗണ്ട് അറേഞ്ച്മെന്റുകൾ ചെയ്താൽ ആരും ശ്രദ്ധിക്കാത്ത

സാഹചര്യമാണിപ്പോഴുള്ളത്. അതിനാൽ പുതിയ രീതികളെ സംബന്ധിച്ചുള്ള പരിശീലനം ആ മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെയുള്ള സാഹചര്യങ്ങൾ നിലനിൽക്കുന്ന ഈ സന്ദർഭത്തിൽ അതിനുവേണ്ടി യാതൊരു നടപടിയും ഇപ്പോൾ സ്വീകരിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ദിവസം കഴിയുന്തോറും അവരുടെ ജീവിതം വളരെ ദുഃസ്സഹമായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് സീസണലായി മാത്രമേ ജോലി ചെയ്യാൻ കഴിയുന്നുള്ളൂ. ഒരു സീസണിൽ ഒരു മുതലാളിയുടെ കൂടെ ജോലി ചെയ്താൽ അടുത്ത സീസണിൽ മറ്റൊരാളുടെ കൂടെ ജോലി ചെയ്യേണ്ടിവരുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ, കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ പലപ്പോഴും അവരുടെ മുതലാളിമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അംശദായം അടച്ച് തൊഴിലാളികളെ ചേർക്കാൻ തയ്യാറാകാതെ വരുന്ന ഒരു സാഹചര്യമുണ്ട് എന്നത് യാഥാർഥ്യമാണ്. അതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിച്ച് നൽകണമെന്നാണ്

ഞാൻ ഇതിലൂടെ ആവശ്യപ്പെടുന്നത്. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ, മരണാനന്തര സഹായം എന്നിവ ലഭ്യമാക്കണം. ഈ തൊഴിൽ മേഖലയിലെ എല്ലാ അംഗങ്ങൾക്കും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക എന്നതാണ് മറ്റൊരു ആവശ്യം. ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെ നിന്നുണ്ടായാലും അതിൽ ഇടപെടാനും നിയമപരമായ പരിഹാരം കാണാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കണമെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട ആവശ്യം.

ശ്രീ. എം. വിൻസെന്റ്: സർ, ഇലക്ട്രിസിറ്റിയും മൈക്ക് സെറ്റ് ഉപകരണങ്ങളും ഉപയോഗിച്ചാണ് സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിക്കുന്നത്. പക്ഷെ അങ്ങനെ പ്രവർത്തിപ്പിക്കുമ്പോൾ ഏതെങ്കിലും തരത്തിൽ മൈക്ക് കേടായിപ്പോയാൽ ആ തൊഴിലാളിക്കെതിരെ പോലീസ് നടപടിയെടുക്കുന്നത് ശരിയാണോ; അങ്ങനെ നടപടിയെടുക്കുമ്പോൾ അവർക്ക് സംരക്ഷണം

കൊടുക്കാനുള്ള വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ആഗ്രഹമില്ലേ?

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. നമ്മുടെ സമൂഹം പലപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണിത്. മീറ്റിംഗുകൾക്കിടയിലും മറ്റുപല സന്ദർഭങ്ങളിലും മൈക്ക് കേടാകുമ്പോഴുണ്ടാകുന്ന അസ്വാരസ്യം, ആ ജീവനക്കാർക്കെതിരെ പോലീസ് കേസെടുക്കുന്നതുമൂലം അവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഇതിൽനിന്നെല്ലാം ഒരു സംരക്ഷണം നൽകണമെന്ന അങ്ങയുടെ നിർദേശം പൂർണ്ണമായും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്. തൊഴിലാളികളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ നടത്താനും അവരെ സഹായിക്കാനും കഴിയണം. സംസ്ഥാനത്ത് ധാരാളം ക്ഷേമനിധികളുള്ള സന്ദർഭത്തിൽ, കേവലം രണ്ടുമൂന്ന് ലക്ഷത്തോളം തൊഴിലാളികൾ.......

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചർച്ച അവസാനിപ്പിക്കുകയാണോ തുടരുകയാണോ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ ചർച്ച അവസാനിപ്പിക്കുകയാണ്. ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിലും പന്തൽ നിർമ്മാണ മേഖലയിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കുതകുന്ന തരത്തിൽ ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നാണ് ഈ പ്രൈവറ്റ് ബിൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, കേരളത്തിൽ ഉച്ചഭാഷിണി-വെളിച്ചസംവിധാനം ഒരുക്കൽ, പന്തൽ-കമാനം ഒരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനാണ് 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ ഉദ്ദേശിച്ചിട്ടുള്ളത്. വെളിച്ചം, ഉച്ചഭാഷിണി, പന്തൽ എന്നിവ സംബന്ധിച്ച് സേവനം നൽകുന്ന സ്ഥാപനങ്ങൾതന്നെ 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽപ്പെട്ടതാണ്. അംഗമാകുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി

പദ്ധതിയിലെ എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പ്രതിമാസ പെൻഷൻ 1,600 രൂപ, കുടുംബ പെൻഷൻ 800 രൂപ, വിവാഹ ആനുകൂല്യമായി വനിതാ അംഗത്തിന് 7,500 രൂപയും പുരുഷ അംഗത്തിന് 5,000 രൂപയും, പ്രവസാനുകൂല്യമായി വനിത അംഗത്തിന് 15,000 രൂപ, ഗർഭഛിദ്രത്തിന് 2,500 രൂപ എന്നിങ്ങനെയും നൽകി വരുന്നു. ഇതുകൂടാതെ അംഗങ്ങളുടെ മക്കൾക്ക് പഠനകാലയളവിൽ ധനസഹായവും ലഭിക്കുന്നു. മികച്ച വിജയം നേടുന്നവർക്ക് പ്രത്യേക ധനസഹായവും കലാ-കായിക-സാംസ്കാരിക രംഗത്ത് പ്രാഗത്ഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിനുള്ള ധനസഹായവും ലഭിക്കുന്നു. സർക്കാർ ആശുപത്രികളിലെ കിടനുള്ള ചികിത്സയ്ക്ക് 3 വർഷം അംശദായം അടച്ച ബോർഡിലെ അംഗത്തിനും കുടുംബത്തിനും പരമാവധി 10,000 രൂപ വരെ ചികിത്സാസഹായമായും 3 വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ 5,000 രൂപ മുതൽ പരമാവധി 20,000 രൂപ വരെ സർവ്വീസ് ദൈർഘ്യം അനുസരിച്ച് മരണാനന്തര ധനസഹായവും മൂന്ന് വർഷം അംശദായം അടച്ച അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് 5,000 രൂപ മരണാനന്തര ചെലവും

ലഭിക്കുന്നതാണ്. 60 വയസ്സ് പൂർത്തിയാകുന്ന തൊഴിലാളികൾക്കും മരണാനന്തര സഹായം ലഭിക്കാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്കും രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചശേഷം സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച അംഗങ്ങൾക്കും അടച്ച അംശദായത്തിന്റെ തുക തിരിച്ചുനൽകും. മേൽ വിവരിച്ച പ്രകാരം വിവിധ ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ ഉച്ചഭാഷിണി, വെളിച്ചസംവിധാനം, പന്തൽ എന്നിവയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ട സാഹചര്യമില്ല. ഇക്കാരണത്താൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നവിധം കേരള ഉച്ചഭാഷിണി വെളിച്ചസംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന് പ്രസക്തിയില്ല. ആയതിനാൽ ബില്ലിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ വിനോദ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(iii) 2021-ലെ കേരള അന്ധവിശ്വാസ - അനാചാര നിർമ്മാർജ്ജന ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ 2021 ആഗസ്റ്റ് 6-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചെയ്തിരുന്നു. 2021 ഒക്ടോബർ 8-ാം തീയതി തുടർ ചർച്ച നടക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീ. കെ. ഡി. പ്രസേനന് ചർച്ച തുടരാവുന്നതാണ്.

2021-ലെ കേരള അന്ധവിശ്വാസ - അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇത്തരമൊരു ബില്ലിന്റെ പ്രസക്തിയെ സംബന്ധിച്ച് ആർക്കും സംശയമോ തർക്കമോ ഉണ്ടാകാൻ സാധ്യതയില്ല. ഇപ്പോൾ കേരളത്തിൽ നമ്മൾ ആധുനിക സമൂഹത്തിലെത്തിയെന്ന് അഹങ്കരിച്ച് നടക്കുകയാണ്. ആധുനിക ഉപകരണങ്ങളും റോഡും മറ്റനുബന്ധ സൗകര്യങ്ങളും ചൂണ്ടിക്കാണിച്ച് ആധുനികരായി എന്ന് സ്വയം മേനിനടിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കേരളത്തിൽ കാണുന്നത്. അതേസമയം അവബോധപരമായി ആധുനികതയെ തിരസ്കരിക്കുന്ന ഒരു സമൂഹമായി കേരളം മാറുന്നുണ്ടോയെന്ന ഭയമാണ് പ്രസ്തുത ബില്ലിലേയ്ക്ക് എന്നെ നയിച്ചത്. പാരമ്പര്യത്തിന്റെ പരിവേഷത്തിനുള്ളിൽ മാനവികത, സമത്വം, ജനാധിപത്യം, സാഹോദര്യം എന്നീ ആധുനിക മൂല്യങ്ങളെ തിരുകിക്കയറ്റി പാരമ്പര്യത്തിന്റെ ഭാഗമായിരുന്ന അനാചാരങ്ങളെ മറികടക്കാൻ സമൂഹത്തെ സഹായിക്കുകയാണ് നവോത്ഥാന പ്രസ്ഥാനങ്ങളും നവോത്ഥാന നായകരുമെല്ലാം ചെയ്തിരുന്നത്. അതാണ് ഇന്ത്യൻ നവോത്ഥാനത്തിന്റെ ചരിത്രം. അതിൽ മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവുമെല്ലാം ഏറ്റവും ജനകീയ ഇടപെടൽ നടത്തിയവരാണ്. പാരമ്പര്യത്തിന്റെ

പരിവേഷത്തിനകത്തേയ്ക്ക് മാനവികതെയും ആധുനിക മൂല്യങ്ങളെയും കയറ്റിവിടുകയാണ് അവർ ചെയ്തത്. സാമൂഹികനീതിക്കും അഹിംസയ്ക്കുംവേണ്ടി മഹാത്മാഗാന്ധി ഗീതോപദേശത്തെ ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. ഒരു ഘട്ടത്തിൽ പ്രസിദ്ധ ചരിത്രകാരൻ ശ്രീ. ഇർഫാൻ ഹബീബ് അതിനെ സംബന്ധിച്ച് പറഞ്ഞത്, ഗീതയിൽ ഇല്ലാത്തതെല്ലാം മഹാത്മാവ് ഗീതയിൽ ഉൾച്ചേർത്തു എന്നാണ്. അത്രമാത്രം അവധാനതയോടുകൂടിയാണ് ഈ സമൂഹത്തിന്റെ പ്രശ്നങ്ങളെ മറികടക്കാൻ അവർ പരിശ്രമിച്ചിരുന്നത്. എന്നാൽ വർത്തമാനകാലത്തിൽ ചെയ്യുന്നതെന്താണ്; ആധുനികതയുടെ പരിവേഷത്തിനകത്ത് എല്ലാവിധ പാരമ്പര്യ ആചാര സങ്കൽപ്പങ്ങളേയും യാഥാസ്ഥിതികതയെയും പിന്തിരിപ്പൻ മൂല്യങ്ങളേയും ജാതീയ അസമത്വ ചിന്തകളേയും കുത്തിനിറച്ച് സമൂഹത്തെ അനാചാരങ്ങളുടെ ആർഭാടകേന്ദ്രമാക്കി മാറ്റാൻ പരിശ്രമിക്കുകയാണ്. അതിന് ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. ഗണപതിയുടെ തല പ്ലാസ്റ്റിക് സർജറിയിലൂടെ മുമ്പേ ഘടിപ്പിച്ചതാണെന്ന രൂപത്തിലുള്ള പ്രചരണത്തിന് ഇന്ത്യയുടെ ഉന്നത ഭരണകൂടംതന്നെ നേതൃത്വം കൊടുക്കുന്ന കാഴ്ച നമുക്ക് കാണേണ്ടിവരുന്നു.

കമ്പ്യൂട്ടർ ജാതകം അതിന്റെ ചെറിയ വേർഷൻ മാത്രമാണ്. ഇതാണ് നമ്മുടെ രാജ്യത്തിനകത്തും സമൂഹത്തിനകത്തും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം അപകടകരമായ സാമൂഹിക അവബോധത്തിലെ തിന്മ നിറഞ്ഞ വളർച്ചയെ തടയുന്നതിനും നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ ബിൽ അനിവാര്യമാണെന്ന് ആവർത്തിക്കുന്നു.

മാനവരാശിയുടെ ദിശാബോധം നഷ്ടപ്പെടുത്തി നേർകാഴ്ചകൾ ഇല്ലാതാക്കി മനുഷ്യരെ മായാകാഴ്ചകൾക്കകത്ത് ഒതുക്കി ജീവിതകുരുതി കളത്തിലേയ്ക്ക് ആനയിക്കുന്ന ദുർമന്ത്രവാദികൾക്കും ദുരാചാര കച്ചവടക്കാർക്കും എതിരായിട്ടാണ് നിയമം നിർമ്മിക്കേണ്ടത്. സാധാരണ വിശ്വാസി സമൂഹത്തിന് എതിരായിട്ടാണ് ഇത്തരം ബില്ലുകൾ വരികയെന്ന് തെറ്റിദ്ധരിപ്പിക്കാൻ ഒരുകൂട്ടർ പരിശ്രമിക്കുന്നുണ്ട്. ഇന്ത്യയിലും കേരളത്തിലുമുള്ള യഥാർത്ഥ ദൈവവിശ്വാസികളെയോ മതവിശ്വാസികൾക്കെതിരായോ ഒരുതരത്തിലുമുള്ള നിലപാടുകൾ എടുക്കാതെതന്നെ ഇത്തരത്തിലുള്ള ദുരാചാരങ്ങളെ നമുക്ക് എതിർക്കാൻ കഴിയും. ആദിമമനുഷ്യൻ വേട്ടയാടി ജീവിച്ചിരുന്ന കാലങ്ങളിൽപോലും ഇത്രയേറെ അന്ധതയുണ്ടായിരുന്നോയെന്ന്

ഇപ്പോൾ സംശയിക്കുകയാണ്. പിന്നീട് മനുഷ്യൻ ഗോത്രസംസ്കൃതിയിലേയ്ക്കും ഫ്യൂഡലിസത്തിലേയ്ക്കും എത്തിപ്പെട്ടതോടെ അന്ധതയുടെ കരിനിഴൽ കൂടിവരുന്നതായി മാനവചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ആദിമമനുഷ്യൻ കണ്ടും കേട്ടും സ്പർശിച്ചും രുചിച്ചും മണത്തും അറിഞ്ഞ വസ്തുക്കൾ അവർ പ്രയോജനപ്പെടുത്താനും തിരസ്കരിക്കാനുമുള്ള തിരിച്ചറിവിലേയ്ക്ക് നടന്നു കയറിയ ചരിത്രമാണ് മാനവ സമൂഹത്തിന്റെ മുന്നേറ്റചരിത്രമെന്ന് പറയുന്നത്. എന്നാൽ ഇന്ന് അന്ധവിശ്വാസിയായ മനുഷ്യൻ കാഴ്ചയും അനുഭവവും ഒന്നും അവന്റെ അന്ധവിശ്വാസത്തെ തിരുത്താൻവേണ്ടി അവൻ പ്രയോജനപ്പെടുത്തുന്നില്ലെന്നതാണ് വസ്തുത.

കുറെ വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരുസംഭവം അതിങ്ങനെയായിരുന്നു. അന്ധവിശ്വാസിയായ ഒരു മനുഷ്യൻ താൻ ഇന്നദിവസം ഇന്നസമയത്ത് മരണപ്പെടുമെന്നും അങ്ങനെ സ്വർഗ്ഗപ്രവേശനം നേടാൻ കഴിയുമെന്ന് ഒരു ജ്യോത്സ്യൻ അദ്ദേഹത്തെ വിശ്വസിപ്പിച്ചിരുന്നു. കുറച്ചുനാളുകൾക്കുശേഷം അയാളുടെ ജീവിതത്തിൽ ആ ദിവസം ആ സമയം വന്നുചേർന്നു. അദ്ദേഹം മരിച്ചതായി സ്വയം കരുതുകയും ചെയ്തു. വീട്ടുകാരും നാട്ടുകാരുമെല്ലാം

അദ്ദേഹത്തെ വന്നുവിളിച്ച് താങ്കൾ മരിച്ചിട്ടില്ലെന്ന് പറഞ്ഞു. പക്ഷേ അദ്ദേഹമത് കേൾക്കാൻ സന്നദ്ധനായില്ല. അവസാനം അദ്ദേഹത്തെ സ്വാധീനിക്കുന്ന മതവിശ്വാസത്തിന്റെ ഭാഗമായി നിൽക്കുന്ന മതപുരോഹിതന്മാരെ കൊണ്ടുവന്നു. അവർ അദ്ദേഹത്തെ കണ്ട് താങ്കൾ മരിച്ചിട്ടില്ല, എണീക്കൂയെന്ന് പറഞ്ഞു. പക്ഷേ അദ്ദേഹം അത് സ്വീകരിക്കാൻ തയ്യാറായില്ല. മൂന്നാമത്തെ ദിവസം അദ്ദേഹം അപകടകരമായ അവസ്ഥയിലേയ്ക്ക് പോകുകയും അപ്പോൾ വീട്ടുകാരും നാട്ടുകാരുമെല്ലാം ചേർന്ന് ഒരു ഡോക്ടറെ അവിടെ എത്തിക്കുകയും ചെയ്തു. ഡോക്ടർ അദ്ദേഹത്തോട് താങ്കൾ മരിച്ചിട്ടില്ലെന്നും ഞാൻ ഡോക്ടറാണെന്നും പറഞ്ഞു. പക്ഷേ അദ്ദേഹം എണീക്കാൻ തയ്യാറായില്ല. ഡോക്ടർ ഉടനെതന്നെ ആമ്പുലൻസ് വരുത്തി അദ്ദേഹത്തെ അടുത്തുള്ള ആശുപത്രിയിലെ മോർച്ചറിയിൽ കൊണ്ടുപോയി കിടത്തിയതിനുശേഷം തൊട്ടപ്പുറത്തെ ബെഡ്ഡിൽ പോസ്റ്റ്മോർട്ടത്തിനായി കിടത്തിയിരുന്ന യഥാർത്ഥത്തിൽ മരിച്ച ഒരാളുടെ ബോഡിയിൽ ബ്ലേഡുകൊണ്ട് മുറിവ് ഉണ്ടാക്കുകയും ചെയ്തു. മരിച്ചുമണിക്കൂറുകൾ പിന്നിട്ട ബോഡിയായതുകാരണം മുറിവുണ്ടാക്കിയ ആ ശരീരത്തിൽനിന്നും ഒരുതുള്ളി രക്തംപോലും വരുന്നുണ്ടായിരുന്നില്ല.

അതിനുശേഷം മരിച്ചുയെന്ന് കരുതിയിരിക്കുന്ന അന്ധവിശ്വാസിയായ ആ മനുഷ്യന്റെ ശരീരത്തിൽ ഡോക്ടർ അതേ ബ്ലേഡുകൊണ്ട് മുറിവുണ്ടാക്കുകയും അപ്പോൾ രക്തം വരികയും ചെയ്തു. എന്നിട്ട് ഡോക്ടർ അദ്ദേഹത്തോട് ചോദിച്ചു. താങ്കൾക്ക് ഇപ്പോൾ എന്താണ് ബോധ്യപ്പെട്ടത്. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു, ചിലരുടെ ശരീരത്തിൽ മരിച്ചാലും രക്തം വരുമെന്ന് എനിക്ക് ബോധ്യപ്പെട്ടുയെന്ന്. അതാണ് അന്ധവിശ്വാസത്തിന്റെ ശക്തിയെന്ന് പറയുന്നത്. ഇത്ര ഭീകരമായ അവസ്ഥയിലേയ്ക്കാണ് നമ്മുടെ കേരളീയ സമൂഹം പോകുന്നുയെന്ന് ഞാൻ ഭയപ്പെടുകയാണ്.

ആധുനിക കാലത്തെ കണക്കുകൾപ്രകാരം എൺപതുശതമാനത്തോളം ഫ്ലാറ്റ് സമുച്ചയങ്ങളിലും പതിമൂന്നാമത്തെ നില രേഖപ്പെടുത്തിയിട്ടില്ലായെന്നാണ് കാണുന്നത്. ചില ഹോട്ടലുകളിലും ആശുപത്രികളിലും പതിമൂന്നാം നമ്പർ റൂംതന്നെ ഇല്ലാതായ കാഴ്ച നമ്മുടെ കേരളത്തിലും കാണേണ്ടിവരികയെന്നത് സങ്കടകരമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പതിമൂന്നാം നമ്പർ വാഹനം മുൻ മന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് ഉപയോഗിച്ചിരുന്നു. നിലവിൽ കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദാണ് പതിമൂന്നാം നമ്പർ വാഹനം ഉപയോഗിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഒരു കുഴപ്പവുമില്ലാതെ ഭരണം നിർവ്വഹണം നടത്തുന്നു. പക്ഷേ പതിമൂന്നാം നമ്പർ നിലയും റൂമുമില്ലാത്ത ഫ്ളാറ്റുകളും ആശുപത്രികളും ഹോട്ടലുകളുമുള്ള നാടായി കേരളം മാറാൻ പാടുണ്ടോ. അതിന് നമ്മൾ സമ്മതം നൽകാൻ പാടുണ്ടോ. എന്തെല്ലാം പ്രതികരണങ്ങളാണ് ഇത്തരത്തിൽ വരുന്നത്.

ചിലർ വീടിനു പുറത്തുപോകാൻ ഇറങ്ങുമ്പോൾ മുമ്പിൽ കറുത്ത പൂച്ചയെയോ ഒറ്റ മൈനയെയോ കണ്ടാൽ നിലവിളിച്ചുകൊണ്ട് തിരികെ വീട്ടിൽ കയറുന്നതുകാണാം. ഇതെല്ലാം ഒരു കാലഘട്ടത്തിന്റെ ഓരോ സാമൂഹ്യ അവസ്ഥയിൽ രൂപപ്പെട്ടുവരുന്ന ചില പ്രതികരണങ്ങളായിരുന്നു. കറുത്ത പൂച്ചയുടെ കാര്യം എന്താണെന്നുവച്ചാൽ അന്ന് വൈദ്യുതിയില്ലാത്ത കാലത്ത് കാളവണ്ടിയിലാണ് മനുഷ്യൻ യാത്ര ചെയ്തിരുന്നത്. അപ്പോൾ ഇരുട്ടുമൂടിയ

പ്രദേശത്ത് കറുത്ത പൂച്ചയുടെ കണ്ണിലെ തിളക്കം കാണുമ്പോൾ ഉരുക്കൾ ഭയപ്പെട്ടും. അതുകാരണം യാത്ര നിർത്തിവയ്ക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങ് ചർച്ച തുടരുന്നോ അവസാനിപ്പിക്കുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ചർച്ച തുടരുന്നില്ല. അവസാനിപ്പിക്കാൻ പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ആ ഒരു അവസ്ഥയിലാണ് അവർ യാത്ര നിർത്തിവച്ചത്. എന്നാൽ നിലവിൽ ഇക്കാര്യം അന്ധവിശ്വാസത്തിന്റെ ഭാഗമായി മാറ്റുകയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വളരെ പ്രസക്തമായിട്ടുള്ള അവതരണമാണ് ഇവിടെ നടക്കുന്നത്. അതീവ സങ്കീർണമായിട്ടുള്ള സാംസ്കാരിക, സാമൂഹിക ചുറ്റുപാടിലാണ് ഈ അനൗദ്യോഗിക ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. നവീനശാസ്ത്ര യുഗത്തിൽ മതത്തെ വർഗ്ഗീയവൽക്കരിച്ച്, വിശ്വാസത്തെ വിൽപ്പന ചരക്കാക്കി, രാഷ്ട്രീയവുമായികൂട്ടി

കലർത്തുകയാണ്. ഈ ഒരു സാമൂഹ്യ അന്തരീക്ഷത്തിൽ മതേതരത്വം, അന്ധവിശ്വാസം, അനാചാരം എന്നിവയ്ക്കെതിരെ നിലപാട് സ്വീകരിക്കേണ്ടുന്ന മതേതര ഭൗതിക രാഷ്ട്രത്തിൽ സിലബസ് പരിഷ്കാരവുമായി ബന്ധപ്പെട്ട് അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ രീതിയിൽ ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം നിഷേധിക്കുകയും മറ്റു പലവിശ്വാസങ്ങൾ മുൻനിർത്തിയുള്ള ഇടപ്പെടലുകൾ നടത്തികൊണ്ടിരിക്കുകയാണ്. ടി വിഷയത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്; അതോടൊപ്പം കേരളത്തിലെ മാധ്യമങ്ങളുടെ ഭാഗത്തുനിന്നുള്ള സമീപനമെന്താണ്? മനുഷ്യന്റെ നിസ്സഹായവസ്ഥ വർദ്ധിക്കുമ്പോഴാണ് വലംപിരി ശംഖ് വാങ്ങിയാൽ പ്രശ്നങ്ങൾ വഴിമാറുമെന്ന അന്ധവിശ്വാസങ്ങൾ കൂടികൂടി വരുന്നത്. അതിനെല്ലാം സഹായകരമായ രീതിയിലുള്ള പ്രചരണങ്ങൾ ശക്തമായി കെട്ടഴിച്ചുവിടുന്ന വർത്തമാനക്കാലത്തെക്കുറിച്ച് അങ്ങയുടെ പ്രതികരണം എന്താണ്?

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ആധുനിക വൈദ്യശാസ്ത്രം അതിന്റെ അനന്തസാധ്യതയിലേയ്ക്ക് മുന്നോട്ടുപോയികൊണ്ടിരിക്കുകയാണ്. അവയവ, ഹൃദയമാറ്റ ശസ്ത്രക്രിയകൾ സർക്കാർ നേരിട്ട് ചെയ്യുന്നതുവഴി ആരോഗ്യരംഗത്ത്

അനന്തമായ സാധ്യതകളാണ് കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. വ്യക്തികളുടെ താൽപര്യങ്ങൾക്ക് അനുസരിച്ച് ചികിത്സാ രീതികൾ തിരഞ്ഞെടുക്കപ്പെടുന്നു. എന്നാൽ അടുത്ത കാലഘട്ടത്തിൽ കൊവിഡ് എന്ന മഹാമാരി നമ്മുടെ രാജ്യത്ത് കടന്നുവന്നപ്പോൾ ശരീരത്തിൽ ചാണകം തേക്കണമെന്നും ടോർച്ചടിക്കണമെന്നും കിണ്ണം കൊട്ടണമെന്നുള്ള അന്ധവിശ്വാസങ്ങൾ നമ്മൾ കണ്ടതാണ്. അതുപോലെ ഉത്തർപ്രദേശിൽ ഒരമ്മ അഞ്ചുവയസ്സുള്ള ബ്ലഡ് ക്യാൻസർ ബാധിതനായ മകനെ ഗംഗാനദിയിൽ മുക്കിയാൽ ആ കുട്ടി രക്ഷപ്പെടുമെന്ന അന്ധവിശ്വാസം കാരണം നാട്ടുകാർ നോക്കിനിൽക്കെ കുട്ടിയെ വെള്ളത്തിൽ മുക്കുന്നു. അങ്ങനെ കുട്ടി മരണപ്പെടുകയാണുണ്ടായത്. ഇതിന്റെ അനന്തരഫലമായി ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾ നമ്മുടെ കേരളത്തിലും നടക്കാൻ സാധ്യതയുണ്ട്. ഇതിന്റെ ഭാഗമായി ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്ത് അവസാനിപ്പിക്കേണ്ടതാണെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, അനൗദ്യോഗികാംഗങ്ങളുടെ കാര്യമാണെങ്കിലും ഈ കാലഘട്ടത്തിന് ഏറ്റവും പ്രസക്തമായ ഒരു കൂട്ടം ബില്ലുകളാണ് ഇന്ന് ഈ

നിയമസഭയിൽ വന്നിട്ടുള്ളത്. ശ്രീ. കെ. ഡി. പ്രസേനൻ തുടർ ചർച്ചയിലേയ്ക്ക് പോകുന്നില്ലെന്ന് പറഞ്ഞെങ്കിലും തുടർ ചർച്ച വേണ്ടൊരു വിഷയം തന്നെയാണ്. പ്രത്യേക നിയമനിർമ്മാണങ്ങൾ ആവശ്യമായ വിഷയമാണ്. പക്ഷേ ഒരു കാര്യം പറയാതിരിക്കാൻ സാധിക്കില്ല. വെള്ളിയാഴ്ച ദിവസമായ ഇന്ന് തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയുള്ള ഒട്ടേറെ ബില്ലുകൾ വന്നു. പക്ഷേ അംഗങ്ങൾ ഈ ബില്ലുകളിന്മേലുള്ള ഗൗരവം കാണിക്കുന്നില്ല. കഴിഞ്ഞ സഭയിൽ നാൽപത് മിനിട്ടുവരെ സമയമെടുത്ത് ബില്ലുകളിന്മേൽ ചർച്ച നടത്തിയിരുന്നത് ഞാൻ ഓർക്കുന്നു. നിയമനിർമ്മാണം നടത്തുന്നതിനാണ് നമ്മളെല്ലാവരും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 365 ദിവസത്തിൽ 100 ദിവസത്തിനുള്ളിൽമാത്രമേ നിയമസഭാ സമ്മേളനം നടക്കുന്നുള്ളൂ. നിയമനിർമ്മാണ ചർച്ചയുടെ ഗൗരവം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള ശക്തമായ ഇടപെടലുകൾ വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: തീർച്ചയായും വെള്ളിയാഴ്ച എന്നത് അനൗദ്യോഗിക അംഗങ്ങളുടെ ദിവസമാണ്. എം.എൽ.എ.-മാർ ആ ഗൗരവം കാണിക്കുന്നില്ലെന്നുള്ള അംഗത്തിന്റെ അഭിപ്രായത്തോട് ചെയർ യോജിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: നിയമനിർമ്മാണ ചർച്ച തുടരണമെന്നുള്ള ആഗ്രഹം പൊതുവായി വരാറുണ്ട്. അത് എന്തുകൊണ്ടാണെന്നത് അവസാനം പറയാം. ഇവിടെ അംഗങ്ങളെല്ലാം ഭയപ്പെടുന്ന ഒരു അവസ്ഥാ വിശേഷം കേരളത്തിലെത്തിയിട്ടില്ലെന്ന് നിങ്ങൾ കരുതണ്ട. കേരളത്തിലെത്തിയിട്ടുണ്ട്. അത് പ്രബലമാകുന്നതിന്റെ വിവിധ സൂചനകൾ വരുന്നുണ്ട്. പക്ഷേ അതിനെ മറച്ചുപിടിക്കാൻ നമ്മൾ ശ്രമിക്കുന്നത് വീണ്ടും അപകടത്തിലേയ്ക്ക് കൊണ്ടുപോകും. എന്റെ വ്യക്തിപരമായ അനുഭവങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാം. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഞാൻ ഒരു ആശുപത്രിയിൽ നിൽക്കുമ്പോൾ പ്രസവത്തിന് ഒരു സ്ത്രീയെ അഡ്മിറ്റ് ചെയ്തിരുന്നു. അവർക്ക് നാച്ചുറലായി പ്രസവം നടത്താൻ കൂട്ടുനിൽക്കുന്ന ഡോക്ടറാണ് അവിടെയുള്ളത്. എന്നാൽ ആ സ്ത്രീയുടെ ഭർത്താവ് ഡോക്ടറിനെ സിസേറിയൻ പ്രസവം നടത്താൻ നിർബന്ധിക്കുകയാണ്. നിങ്ങൾ നിർബന്ധമായി സിസേറിയൻ നടത്തണം അല്ലെങ്കിൽ ഞാൻ എന്റെ ഭാര്യയുമായി പോകും. അവസാനം ഭയങ്കര ബഹളം നടക്കുകയാണ്. ഇന്ന ദിവസം നിശ്ചിത സമയത്ത് കുട്ടിയെ പുറത്തെടുത്താൽ ഏറ്റവും മികച്ച നാൾ തന്നെ തന്റെ കുട്ടിക്ക് ലഭിക്കും എന്നാണ്

പറയുന്നത്. അതിനുവേണ്ടി സ്വന്തം ഭാര്യ മരിച്ചാലും വിരോധമില്ല സിസേറിയൻ നടത്തണമെന്ന് നിർബന്ധം പിടിക്കുന്ന മനുഷ്യനെ കാണേണ്ടി വന്ന ഒരു വ്യക്തിയാണ് ഞാൻ. അതുപോലെതന്നെ ഈ ബിൽ അവതരിപ്പിച്ച ദിവസത്തിലെ അനുഭവംകൂടി ഞാൻ പറയാം. ഞാൻ സഭയിൽ ബില്ലിന്റെ അവതരണാനുമതി തേടിയപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മുഖ്യമന്ത്രിക്കുവേണ്ടി സംസാരിച്ചപ്പോൾ പറഞ്ഞു ഗവൺമെന്റ് വളരെ ഗൗരവമായാണ് ഈ ആശയത്തെ കാണുന്നതെന്നും ഈ ബിൽ ഔദ്യോഗികമായിത്തന്നെ കൊണ്ടുവരാനുള്ള പണിപ്പുരയിലാണെന്നും അതുകൊണ്ട് ഔദ്യോഗിക ബില്ലായി ഇത് സ്വീകരിക്കേണ്ടതില്ലെന്നും പറഞ്ഞു. അത് അഡ്മിറ്റ് ചെയ്തു. പക്ഷേ അന്ന് പുറത്തിറങ്ങി 24 മണിക്കൂറിനുള്ളിൽ രാത്രി വരെയും നിരന്തരമായ ഫോൺകോളുകളായിരുന്നു. ആ ഫോൺകോളുകളെല്ലാം ഈ ബില്ലിനെതിരായിരുന്നു. വിവിധ സമുദായത്തെയും സംഘടനകളെയും പ്രതിനിധീകരിക്കുന്ന ആളുകൾ അതിലുണ്ട്. പലരുടെയും ഭാഷ ഭീഷണിയായിരുന്നു. ഈ ബിൽ തങ്ങളുടെ സമുദായത്തെയും മതവിശ്വാസത്തെയും മാത്രം ബാധിക്കുന്നതാണെന്നും താങ്കൾ

മറ്റുള്ളവർക്കുവേണ്ടി സംസാരിക്കുകയാണെന്നുമാണ് അവർ ഓരോരുത്തരും പറഞ്ഞത്. ഒരോരുത്തരും ബില്ലിലെ ഓരോ അംശങ്ങൾ ചൂണ്ടികാണിച്ച് അതത് വിഭാഗത്തിന്റെ വിശ്വാസത്തിന് എതിരാണെന്ന് സമർത്ഥിക്കുകയും ചെയ്തു. ഞാൻ എല്ലാ ഫോൺകോളുകളും attend ചെയ്തു. അപൂർവ്വമായി മാത്രമാണ് ബില്ലിന് അനുകൂലമായ ഫോൺകോളുകൾ വന്നത്. എന്നാൽ പന്തീരാങ്കാവിലെ വിവിധ ദുരഭിമാന കൊലകൾ നടന്നതിനുശേഷം ഈ ബില്ലിനെക്കുറിച്ച് അറിയാൻ നിരവധി ആളുകൾ, പുരോഗമനവാദികൾ എന്ന് പറയുന്നവർ പലപ്രാവശ്യം വിളിക്കുന്ന അനുഭവമാണ് എനിക്കുണ്ടായത്. വിവിധ സെമിനാറുകളിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. അപ്പോൾ വേണ്ട സമയത്ത് നമ്മൾ അതിനോട് പ്രതികരിക്കാൻ തയ്യാറാകുന്നില്ല. ഇലന്തൂരിൽ നരബലി നടന്നപ്പോഴാണ് ഇത്തരം അനുഭവമുണ്ടായത്. ഇത്തരത്തിലുള്ള അവസ്ഥയല്ല ഉണ്ടാവേണ്ടത്. ഇത്തരം വിഷയങ്ങളെ പരിഗണിച്ച് വളരെ ഗൗരവത്തിൽ ഈ ബില്ലിനെ സമീപിക്കണം. ഗവൺമെന്റ് ഉചിതമായ തീരുമാനത്തിലേയ്ക്ക് എത്തിച്ചേരുമെന്ന പ്രതീക്ഷയോടെ ഞാൻ ചർച്ച ചുരുക്കുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ. നോട്ടീസ് നൽകിയ 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ വർദ്ധിച്ചുവരുന്ന അന്ധവിശ്വാസ പ്രവർത്തികളും അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇത്തരം ഒരു നിയമനിർമ്മാണത്തോട് പൊതുവിൽ യോജിപ്പാണുള്ളത്. അന്ധവിശ്വാസവും അനാചാരങ്ങളും സംബന്ധിച്ച് ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിനും മനുഷ്യത്വരഹിതമായ ദുരാചാര പ്രവർത്തികൾ തടയുന്നതിനും ഇത്തരം ദുരാചാരങ്ങൾ വഴിയുള്ള ചൂഷണം ഇല്ലാതാക്കുന്നതിനുമുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിന് നിയമപരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നടപടികൾ സർക്കാരിന്റെ പരിശോധനയിലാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന സാംസ്കാരികവും സാമൂഹികവുമായ വൈവിദ്ധ്യങ്ങളും തുടർന്നുവരുന്ന ആചാരങ്ങളും ഉൾക്കൊണ്ടുകൊണ്ടും എല്ലാ

വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾകൂടി തേടിയതിനുശേഷവും മാത്രമേ പ്രായോഗികവും സമഗ്രവുമായ നിയമനിർമ്മാണം ഇക്കാര്യത്തിൽ സാധ്യമാവുകയുള്ളൂ. നിയമപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാരിന്റെ പരിശോധനയിലുള്ള വിഷയമായതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങ് ഉപക്ഷേപം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ .... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.)

*****